
THE KUDUMBA DEEPAM.



Vol. VI.) November 1935. (No. 11.

# വിഷയവിവരം.


1. ഈശ്വരപ്രാർത്ഥന............ ........................................ 321.
2. സഭാപിതാവായ കുരിശിന്റെ വി. യോഹന്നാൻ............... ,,
3. വി. ഫ്രാൻസീസ് അസീസ്സിയുടെ ദൈവവിളി........ ........ 327.
4. അവളുടെ പ്രാർത്ഥനപോലെ നിവർത്തിയായി...................... 332.
5. ആർക്കും സാധിക്കാവുന്ന ഒരു പ്രേഷിതവേല ....... .............. 335.
6. പശ്ചാത്താപം............ ..................................... ........ .... 339.
7. അയാൾ ആരായിരുന്നു.................................................. 344.
8. സ്നേഹരാജനായ യേശു................................................ 348.
9. പൊതുനിയോഗം....................................................... 351.
10. കുറിപ്പുകൾ......................................................... ,,


“ക്ഷമയാം തോണി കേറീട്ടു വിചാരത്താഴ് കത്തി നീ

കുടുംബഭരണാംഭോധി സാവധാ

# ഡോക്ടർ നിഷിമൂറ ഡി. എസ്സ്.
# ജാഫാനിസ് ദന്തവൈദ്യൻ.



## എറണാകുളം.

പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

## നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൨ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു്. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിവൃത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തിസ്പർശംകൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക. ൨-൧൨-൦.

### കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും ഏങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീർച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിനു ക. ൧-൮-൦

### പ്രമേഹസംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂർണ്ണസുഖമാകുന്നതാണു.

ഒരു കുപ്പിക്കു വില ക. ൧-൧൨-൦

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണു. പോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്തോതം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു്. 'ഹെമ്മിന്': എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള സിദ്ധൌഷധങ്ങളും തയ്യാറുണ്ടു്. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കേറ്റുകൾ കിട്ടീട്ടുണ്ടു.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,
നമ്പ്ര് ൧൧, കോഴിക്കോട്, മലബാർ

---

# മാന്യവരിക്കാർ അറിവാൻ.

ഇടപ്പള്ളി, ചാത്യാത്തു്, S ചിറൂർ, ഞാറയ്ക്കൽ, കുമ്പളങ്ങി, ചെല്ലാനം, അണ്ടിക്കടവു്, അരൂക്കുറ്റി, എന്നീ അഞ്ചൽ അതിർത്തികളിൽപ്പെട്ട സ്ഥലങ്ങളിൽ മി. പടിക്കപ്പറമ്പിൽ ഇത്താക്കു് ജോസഫ് വരിപ്പണം പിരിക്കുവാനും പുതിയ വരിക്കാരെ ചേർക്കുവാനുമായി ഈ മാസത്തിൽ സഞ്ചരിക്കുന്നതാണു്. മാന്യവരിക്കാർ അദ്ദേഹത്തിനു അനാവശ്യതാമസത്തിനിടയാക്കാതെ പണം കൊടുത്തു മാനേജരുടെ ഒപ്പോടുകൂടിയ അച്ചടിച്ച രസീതു വാങ്ങിക്കൊള്ളണമെന്നപേക്ഷ.

മാനേജർ കുടുംബദീപം.

he Little Flower Pre
THEVARA. EI



കുരിശിൻെറ വി. യോഹന്നാൻ.

# കുടുംബദീപം.

പുസ്തകം ൩. } നവമ്പർ ൧൯൨൮. { ലക്കം ൧൧.

## ഈശ്വരപ്രാർത്ഥന.

(ശാസ്താംകോട്ട എ. അന്റണി ഫെർണാണ്ടസ്.)

("ദൈവമേ കൈതൊഴാം" എ. മ)

തന്നത്താനുണ്ടായവനായ ദൈവമേ!
എന്നാളും വാഴുന്നരുളിടുന്ന ദൈവമേ!
രൂപമില്ലാത്തവനായുള്ള ദൈവമേ!
കാരുണ്യക്കാതലായിട്ടുന്ന ദൈവമേ!
എങ്ങും നിറഞ്ഞു വിലസുന്ന ദൈവമേ!
എല്ലാററിനും മൂലമായുള്ള ദൈവമേ!
ആദരവോടു നിൻ നാമസങ്കീർത്തനം
പാടിടാനിന്നു വരമരുളീടണം.

---

സഭാപിതാവായ

## കുരിശിന്റെ വി. യോഹന്നാൻ.

(തിരുനാൾ: നവമ്പർ ൨൪.)

ക്രിസ്ത്വബ്ദം ൧൫൪൨ ജൂൺ ൨൪-ാം തീയതി മൂന്നാം പൌലോസ് മാർപ്പാപ്പായുടെയും അഞ്ചാം ചാറത്സ് മഹാരാജാവിന്റെയും ഭരണകാലത്ത് സ്പെയിനിലെ ഫൊന്തിവെരാസ് എന്ന സ്ഥലത്തു യോഹന്നാൻ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് ഒരു പട്ടുനെയ്ത്തുകാരനായിരുന്നു. യോഹന്നാന് ഫ്രാൻസിസ്, ലൂയീസ് എന്ന രണ്ടു സഹോദരന്മാരുണ്ടായിരുന്നു. ലൂയീസ് കനിഷ്ഠ സഹോദരന്റെ മരണാനന്തരം ഏറെത്താമസിയാതെ നിര്യാതനായി. ശൈശവത്തിൽതന്നെ ഭക്തനായിരുന്ന

യോഹന്നാനെ പരിശുദ്ധ കന്യക പല പ്രാവശ്യവും പ്രത്യക്ഷമായി രക്ഷിച്ചിട്ടുണ്ട്. യോഹന്നാൻ ഒരു ബുദ്ധിശാലിയായിരുന്നതുകൊണ്ടു അവന്റെ അമ്മ മെഡിനായിലെ പാവപ്പെട്ട അനാഥക്കുട്ടികളുടെ വിദ്യാലയത്തിലേക്കു അവനെ അയച്ചു. അവിടെ അവൻ പഠനത്തിലും പ്രാർത്ഥനയിലും മററു സൽകൃതകൃത്യങ്ങളിലും സഹപാഠികൾക്കു ഒരു മാതൃകയായി ജീവിച്ചു.

അക്കാലത്തു തൊലേടൊയിൽ പാവപ്പെട്ടവരുടെയും രോഗികളുടെയും പരിചരണത്തിൽ ബദ്ധശ്രദ്ധനായിരുന്ന അലോൻസൊ അൽവാരെസ് എന്ന ദേഹം ഈ കുട്ടിയെ അത്യധികം സ്നേഹിക്കുകയും അവനെ ആശുപത്രിയിൽ തന്റെ ഒരു സഹായിയായി നിയമിക്കാമെന്നു സമ്മതിക്കുകയും ചെയ്തു. യോഹന്നാന് അപ്പോൾ പത്തു പതിമ്മൂന്നു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. അവൻ പാവപ്പെട്ടവരെ സഹായിക്കുന്നതോടുകൂടെത്തന്നെ വൈദിക പഠനവും നിർവ്വഹിക്കണമെന്നും ഒടുവിൽ ആശുപത്രിയിലെ കപ്പേളാൻ ജോലി നോക്കണമെന്നുമായിരുന്നു സെനോർ അൽവാരെസിന്റെ നിർദ്ദേശം.

അവൻ തന്റെ കടമകളെല്ലാം യഥാവിധി നിർവ്വഹിച്ചതിന്റെശേഷം ബാക്കിയുള്ള സമയം പഠനത്തിലും പ്രാർത്ഥനയിലും വിനിയോഗിച്ചു. ദൈവസഹായവും ബുദ്ധിസാമർത്ഥ്യവും കൊണ്ടു അയാൾ പ്രാർത്ഥനയിലും പഠനത്തിലും അത്ഭുതകരമായ അഭിവൃദ്ധിയെ പ്രാപിച്ചു.

ചെറുപ്പംമുതൽതന്നെ ദൈവിക സംസർഗ്ഗത്താൽ അദ്ദേഹത്തിനു സ്വർഗ്ഗീയ കാര്യങ്ങളിൽ വലിയ അഭിരുചി ജനിച്ചു. അദ്ദേഹം പലപ്പോഴും ഇങ്ങിനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു: "എന്റെ കർത്താവേ, അവിടുന്ന് എന്റെ ഗുരുനാഥനായിരിക്കണമേ. എന്തുകൊണ്ടെന്നാൽ അവിടുന്നു എന്റെ മാതൃകയാകുന്നു. എന്റെ പ്രവൃത്തികളെല്ലാം അവിടുത്തെ ദൈവിക പ്രവൃത്തികളോടു അനുയോജ്യമായിത്തീരുന്നതിനുവേണ്ടി ഞാൻ എന്തു ചെയ്യണമെന്നും അതു് എങ്ങിനെ ചെയ്യണമെന്നും എന്നെ പഠിപ്പിക്കേണമേ."

൧൫൬൩-ൽ പൂർവ്വാചാരപ്രിയന്മാരായ കർമ്മലീത്താക്കാർ മെഡിനായിൽ വരികയും അവിടെ വി. അന്നായുടെ ഒരു കൊവേന്ത സ്ഥാപിക്കുകയും ചെയ്തു. യോഹന്നാൻ ഒരു കർമ്മലീത്താ സന്യാസിയുടെ വസ്ത്രധാരണരീതി കണ്ടു ആകൃഷ്ടനായിത്തീരുകയും അചിരേണ കർമ്മലീത്താ സഭയിൽ ചേരണമെന്നു നിശ്ചയിക്കുകയുംചെയ്തു.

ഒരു ദിവസം യോഹന്നാൻ കൊവേന്തയിൽ ചെന്നു തന്നെയും അവിടെ സ്വീകരിക്കണമെന്നു അപേക്ഷിച്ചു. ൧൫൬൩-ു ഫെബ്രുവരി ൨൪-ാം തീയതി വി. മത്തിയാസിൻെറ തിരുനാളിൽ അദ്ദേഹം സഭാവസ്ത്രം ധരിച്ചു. ആ സുദിനസ്മാരകമായി അദ്ദേഹം വി. മത്തിയാസിൻെറ യോഹന്നാൻ എന്ന പേരു് സ്വീകരിച്ചുവെങ്കിലും പിന്നീടു അതു കുരിശിൻെറ യോഹന്നാൻ എന്നു മാററുകയാണുണ്ടായതു്.

നവസന്യാസകാലത്തു ക്രമാനുഷ്ഠാനത്തിലും അനുസരണത്തിലും ഭക്തിയിലും തപഃക്രിയകളിലും അദ്ദേഹം മററുള്ളവർക്കു ഒരു ഉത്തമ മാതൃകയായിരുന്നു.

൧൫൬൪-ൽ കാസ്റ്റയിലിലെ പ്രൊവിൻഷ്യാളായ ഫാദർ ഏഞ്ചൽ ഡി സലാസർ അവർകളുടെ സന്നിധിയിൽ യോഹന്നാൻ വ്രതവാഗ്ദത്തങ്ങൾ ഉച്ചരിച്ചു.

സന്യാസാരുചിയാൽ പ്രേരിതനായി സഭാനിയമങ്ങളെ കൃത്യമായി അനുഷ്ഠിക്കണമെന്നു നിശ്ചയിച്ചു അദ്ദേഹം ചട്ടങ്ങളെല്ലാം ശ്രദ്ധാപൂർവ്വം പഠിച്ചു. തൽഫലമായി ജെറുസലേം പാത്രിയർക്കായ വി. ആൽബർട്ടിനാൽ കർമ്മലീത്താക്കാർക്കു നൽകപ്പെട്ടതും നാലാം ഇന്നൊസെൻറ് മാർപ്പാപ്പായാൽ അംഗീകരിക്കപ്പെട്ടതുമായ നിയമങ്ങളാണു് നടപ്പാക്കപ്പെട്ടിരിക്കുന്നതെങ്കിലും അതനുസരിച്ചല്ല, പ്രത്യുത നാലാം എവുജിൻ മാർപ്പാപ്പായാൽ സ്വീകരിക്കപ്പെട്ട ലഘൂകരണം അനുസരിച്ചാണു് സന്യാസികളുടെ ജീവിതമെന്നും അദ്ദേഹത്തിനു മനസ്സിലായി. അനന്തരം അദ്ദേഹം നിയമങ്ങളെ അതിൻെറ പൂർവ്വസ്ഥിതിയിൽ അനുസരിക്കണമെന്നു നിശ്ചയിച്ചു പൂർവ്വനിയമങ്ങളെ പഠിക്കുകയും ശ്രേഷ്ഠാ

നുമതിയോടുകൂടെ തന്റെ കത്തവ്യകമ്മങ്ങൾക്കു യാതൊരു ഭംഗവും കൂടാതെ പൂവ്വനിയമങ്ങളെ അനുഷ്ഠിക്കുകയുംചെയ്തു.

സഭാശ്രേഷ്ഠന്മാർ യോഹന്നാനു വേദശാസ്ത്രം പഠിക്കുന്നതിനുള്ള പ്രത്യേക താൽപര്യം കണ്ടു് അദ്ദേഹത്തെ സലമാങ്കാ കോളേജിൽ അയയ്ക്കുന്നതിനു നിശ്ചയിച്ചു.

൧൫൬൭-ൽ അദ്ദേഹത്തിന്റെ പഠനം പൂത്തിയായി. ഇരുപത്തഞ്ചാമത്തെ വയസ്സിൽ ഗുരുപ്പട്ടം സ്വീകരിക്കുന്നതിനുവേണ്ടി ഒരു മുഴുവൻ ധ്യാനം കഴിക്കുകയും ആ കൊല്ലത്തിൽതന്നെ അദ്ദേഹം വൈദിക പട്ടം സ്വീകരിക്കുകയും ചെയ്തു.

കമ്മലീത്താ സഭയിലെക്കാൾ കൂടുതൽ തപസ്സു ചെയ്യണമെന്നുള്ള ആഗ്രഹത്താൽ അദ്ദേഹം കാത്തൂസ്യൻ സഭയിൽ പ്രവേശിക്കണമെന്നു ആഗ്രഹിച്ചു. എന്നാൽ കമ്മലീത്താ കന്യകാസഭയുടെ നവീകരണജോലിയിൽ ഏപ്പെട്ടിരുന്ന വി. അമ്മ ത്രേസ്യാ മെഡിനായിലെ വി യൗസേപ്പിന്റെ ആശ്രമത്തിൽവെച്ചു വി. യോഹന്നാനെ ആദ്യമായി കാണുന്നതിനിടയായി. ആ അവസരത്തിൽ അമ്മ ത്രേസ്യാ യോഹന്നാനെ തന്റെ ഇംഗിതം അറിയിക്കുകയും അദ്ദേഹം താൻ കാത്തൂസ്യൻ സഭയിൽ ചേരുവാൻ പോകുന്ന വിവരം പ്രസ്താവിക്കുകയുംചെയ്തു താൻ ഒരംഗമായിരിക്കുന്ന കമ്മലീത്താ സഭയെ ഉപേക്ഷിച്ചു മറെറാന്നിൽ പ്രവേശിക്കുന്നതിനെക്കാൾ നല്ലതു് ഈ സഭയുടെ നവീകരണത്തിൽ തന്നോടു സഹകരിക്കുന്നതാണെന്നും അതു് ദൈവത്തിനു ചെയ്യുന്ന ഒരു വലിയ സേവനമായിരിക്കുമെന്നും അമ്മ ത്രേസ്യാ പറഞ്ഞു വിനീതനും സ്വാത്ഥപരിത്യാഗിയുമായ യോഹന്നാൻ നവീകരണം ഉടനെ ആരംഭിക്കാമെങ്കിൽ താൻ അമ്മ ത്രേസ്യായുടെ ഹിതാനുസരണം പ്രവത്തിക്കാമെന്നു വാഗ്ദാനംചെയ്തു.

യോഹന്നാൻ ൧൫൬൮-ൽ മെഡിനാ ഡെൽ കാമ്പോയിൽവെച്ചു നവീകരണസഭയുടെ ക്രമമനുസരിച്ചുള്ള വസ്ത്രങ്ങൾ ധരിക്കുകയും നവീകരണത്തിന്റെ ആദ്യരംഗമായ ഡുറെലോയിലേക്കു മാറിത്താമസിക്കുകയും ചെയ്തു. ൧൫൭൦-ൽ അദ്ദേഹം പസ്ത്രാനായിലെ നവസന്യാസഗുരുവായി നിയമിക്കപ്പെട്ടു.

അമ്മ ത്രേസ്യാ അവിലായിൽ 'മനുഷ്യാവതാര' കന്യകാമഠത്തിൽ ശ്രേഷ്ഠത്തിയായിരിക്കവെ യോഹന്നാൻ അവിടെ എത്തുകയും ആ അവസരത്തിൽ ലഘൂകരണക്കാരായ സന്യാസികളും നവീകരണക്കാരും തമ്മിൽ എതിരിടുകയുംചെയ്തു.

തൊലേടൊ ആശ്രമത്തിൽ, യോഹന്നാനെ ഒരു അനുസരണമില്ലാത്ത സന്യാസിയാണെന്നു പറഞ്ഞു് ഒമ്പതു മാസത്തോളം കാരാഗൃഹവാസമനുഭവിപ്പിച്ചു. ഒടുവിൽ അദ്ദേഹം അവിടെനിന്നു രക്ഷപെടുകയും ൧൫൭൮-ൽ അമ്മത്രേസ്യാ സ്ഥാപിച്ചതായ വി. യൗസേപ്പിന്റെ ആശ്രമത്തിൽ അഭയം പ്രാപിക്കുകയും ചെയ്തു.

൧൫൮൮-ൽ മാഡ്രിഡിൽവെച്ചുകൂടിയ സംഘത്തിൽ യോഹന്നാൻ സെഗൊവിയായുടെ പ്രിയോരായി തെരിഞ്ഞെടുക്കപ്പെട്ടു.

നിരന്തരമായ പ്രാൎത്ഥനയിൽ വ്യാവൃതനായിരുന്ന വി. യോഹന്നാന്, തന്നെ കണ്ടു സംസാരിക്കുന്നതിനു വരുന്നവരോടു സംഭാഷണം ചെയ്യുന്നതു ഒരു വലിയ ആശാനിഗ്രഹമായിരുന്നു. ഒരു രാത്രി എല്ലാ സന്യാസികളും അവരവരുടെ മുറിയിലായിരിക്കുമ്പോൾ വി. യോഹന്നാൻ ദേവാലയത്തിൽ പോയി, കുരിശും വഹിച്ചുകൊണ്ടുപോകുന്ന ക്രിസ്തുവിന്റെ ഒരു ചിത്രത്തിൻമുമ്പാകെ പ്രാൎത്ഥിച്ചുകൊണ്ടിരുന്നു. ഈ സമയത്തു് ആ ചിത്രത്തിൽനിന്നും താഴെക്കാണുന്നപ്രകാരം ഒരു അശരീരിവാക്യം നിൎഗ്ഗമിക്കുന്നതായി അദ്ദേഹം കേട്ടു.

"യോഹന്നാനേ, നീ എനിക്കുവേണ്ടി പ്രയത്നിക്കുകയും പീഡകൾ സഹിക്കുകയും ചെയ്തതിനു ഞാൻ എന്താണ് നിനക്കു തരേണ്ടതു്?"

അദ്ദേഹം എല്ലായ്പ്പോഴും ആഗ്രഹിച്ചിട്ടുള്ളതും ഇതുതന്നെയാണ്. മൂന്നു അനുഗ്രഹങ്ങൾ ലഭിക്കുന്നതിനുവേണ്ടിയായിരുന്നു അദ്ദേഹത്തിന്റെ നിരന്തരവും നിൎവ്യാജവുമായ പ്രാൎത്ഥന. ഒന്നാമതു്, സഭയിലെ എല്ലാ ഉദ്യോഗങ്ങളിൽനിന്നും വിടുതൽ ലഭിച്ചു മരണത്തിനുമുമ്പു തന്നോടു ദയ കാണിക്കാത്ത ഒരു ശ്രേഷ്ഠന്റെ

കീഴിൽ ജീവിക്കുന്നതിനും രണ്ടാമത്, ദൈവസ്നേഹത്തെപ്രതി പീഡകൾ സഹിക്കുന്നതിനും മൂന്നാമത്, അജ്ഞാതനായി വിനയപൂർവ്വം മരിക്കുന്നതിനുമായിരുന്നു.

യോഹന്നാൻ, സെഗോവിയായിലെ പ്രിയോർ ജോലിയിൽനിന്നും വിമുക്തനായയുടനെ പെനുവെലയിലെ നവീകരണക്കാരുടെ ആശ്രമത്തിലേക്കു അയക്കപ്പെട്ടു. അവിടെ താമസിക്കുമ്പോൾ ഇൻഡീസിലേക്കു പോകുന്നതിനു അദ്ദേഹത്തിനു കല്പന ലഭിച്ചു. ഒന്നിച്ചുപോകുന്നതിനു ഒരു കൂട്ടുകാരനെ അന്വേഷിച്ചുകൊണ്ടിരിക്കവേ അദ്ദേഹത്തിനു ഭയങ്കരമായ ഒരു ജ്വരബാധയുണ്ടായി.

രോഗസ്ഥിതി വളരെനാൾ ഗോപ്യമായി വെച്ചുകൊണ്ടിരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. അപ്പർ അൻഡലൂസിയായിലെ പ്രോവിൻഷ്യാളായ ഈശോയുടെ അന്തോനിയച്ചൻ ഈ വിവരം അറിഞ്ഞപ്പോൾ നല്ലപോലെ സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി പെനുവെലയിൽനിന്നും ബേസ്സായിലേക്കൊ ഉബേഡായിലേക്കൊ പോകുന്നതിനു അദ്ദേഹത്തോടു അപേക്ഷിച്ചു. മററുള്ള അച്ചന്മാർ അദ്ദേഹം സ്ഥാപിച്ചതും പ്രിയോർ ഏഞ്ചൽ അച്ചന്റെ ഭരണത്തിലുള്ളതുമായ ബേസ്സാ ആശ്രമത്തിലേക്കുതന്നെ പോകുന്നതിനു നിർബന്ധിച്ചു. പ്രിയോരായ ഏഞ്ചൽ അച്ചൻ യോഹന്നാന്റെ ഒരു ഉററമിത്രമായിരുന്നു; ഉബേഡായിലെ പ്രിയോരാകട്ടെ മറിച്ചുമായിരുന്നു. ഇതെല്ലാം അറിഞ്ഞിരുന്ന യോഹന്നാൻ ഉബേഡാ ആശ്രമംതന്നെ തന്റെ താമസത്തിനു തെരിഞ്ഞെടുത്തു.

അദ്ദേഹം ൧൫൯൧ സെപ്തമ്പർ ൨൮-ാം തീയതി അവിടെ എത്തി. ആശ്രമശ്രേഷ്ഠൻ അദ്ദേഹത്തോടു അശേഷം കരുണകൂടാതെയാണ് അനുവർത്തിച്ചത്. അദ്ദേഹത്തെ ശുശ്രൂഷിക്കുന്നതിനു ഒരാളെ നിശ്ചയിച്ചില്ലെന്നുമാത്രമല്ല മററുള്ള അച്ചന്മാർ അദ്ദേഹത്തിന്റെ മുറിയിൽ പ്രവേശിച്ചുകൂടെന്നു മുടക്കുകയുംചെയ്തു. പരിചാരകനായ ബർണ്ണാർഡ് സഹോദരൻ, നവീകരണക്കാരുടെ കൂട്ടത്തിൽ ആദ്യസന്യാസി എപ്രകാരമാണ് ശുശ്രൂഷി

കപ്പെട്ടിരുന്നതെന്നു പ്രോവിൻഷ്യാൾ അന്തോനിയച്ചനെ ഒരു കത്തു മുഖേന തെര്യപ്പെടുത്തി. അന്തോനിയച്ചൻ ഉടനെതന്നെ അവിടെ എത്തുകയും പ്രിയോരെ കഠിനമായി ശാസിക്കുകയും വി. യോഹന്നാന്റെ ആവശ്യങ്ങളെല്ലാം യഥാവിധി നിർവ്വഹിക്കപ്പെടണമെന്നു കല്പിക്കുകയുംചെയ്തു. പ്രൊവിൻഷ്യാളിന്റെ സന്ദർശനത്തോടുകൂടി പ്രിയോരിന്റെ നടവടിക്കു ഗണ്യമായ വ്യത്യാസമുണ്ടായി.

ഡിസമ്പർ ൧൩-ാം തീയതി ലൂസി പുണ്യവതിയുടെ തിരുനാളിൽ ഇന്നു എന്താഴ്ചയാണെന്നു അദ്ദേഹം ചോദിച്ചു. അവർ വെള്ളിയാഴ്ചയാണെന്നു പറഞ്ഞു. അദ്ദേഹം അന്നു കൂടക്കൂടെ സമയം എന്തായിയെന്നു ചോദിക്കാറുണ്ടായിരുന്നു. വിശുദ്ധൻ "ദൈവത്തിനു സ്തുതിയായിരിക്കട്ടെ; ഞാൻ ഇങ്ങിനെ ചോദിക്കുന്നതു്, എനിക്കു ഇന്നു ഉഷഃകാലസ്തോത്രം (matins) സ്വർഗ്ഗത്തിൽ പാടാനുള്ളതുകൊണ്ടാണ്." എന്നു പറഞ്ഞു.

മരിക്കുന്നതിനുമുമ്പു ക്രൂശിതരൂപം ചുംബിച്ചതിന്റെശേഷം കണ്ണടച്ചുകൊണ്ടു അദ്ദേഹം ഇങ്ങിനെ പ്രാർത്ഥിച്ചു:

"കർത്താവേ, അവിടുത്തെ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു."

വി. ഫ്രാൻസീസ്

## അസ്സീസ്സിയുടെ ദൈവവിളി.

(റവ. ഫാദർ പോൾ വടക്കുംചേരി.)

വളരെ കൊല്ലങ്ങൾക്കുമുമ്പു, എന്നുവെച്ചാൽ പന്ത്രണ്ടാം ശതകത്തിന്റെ ആരംഭകാലഘട്ടത്തിൽ, ഇത്താലിയായിൽ അസ്സീസ്സി എന്ന സ്ഥലത്തു, ഫ്രാൻസീസ് എന്ന പേരോടുകൂടി സുകുമാരനായ ഒരു ബാലൻ ജീവിതം നയിച്ചിരുന്നു. വളരെ ധനികനായ ഒരു വ്യാപാരിയുടെ പുത്രനായിരുന്നു ഈ കുട്ടി. സകല അനുഗ്രഹങ്ങളും സാധിക്കത്തക്ക സാഹചര്യങ്ങൾ ഈ ബാലനു

ണ്ടായിരുന്നു. ജീവിതക്ലേശങ്ങൾക്കൊന്നിനും ഇയാൾ വശഗനായിരുന്നില്ല ജീവജാലത്തോടു മൊത്തത്തിൽ പ്രതിപത്തി പ്രദർശിപ്പിച്ചിരുന്ന ഫ്രാൻസീസ് സദാ പ്രസന്നവദനനായി പ്രത്യക്ഷപ്പെട്ടിരുന്നു. ധാരാളമായ ഔദാൎയ്യവും, അസാധാരണമായ സമഭാവനയും വളരെ സ്നേഹിതന്മാരെ ഫ്രാൻസീസിനു ഉണ്ടാക്കിക്കൊടുത്തു. നിഷ്കന്മഷരും സരളചിത്തരുമായ സ്നേഹിതന്മാരുടെ സഹവാസം ആനന്ദപ്രദംതന്നെയായിരുന്നു. ഫ്രാൻസീസിൽ പ്രത്യക്ഷമായ ദീനാനുകമ്പയും ഒട്ടും കുറവായിരുന്നില്ല. ക്ലേശം സഹിക്കുന്ന ആൎക്കുവേണ്ടിയും തൻെറ പണസഞ്ചി മുഴുവനും ദാനംചെയ്യുവാൻ ആ കുട്ടി സദാ സന്നദ്ധനായിരുന്നു. ദൈവനാമത്തിൽ നൽകുന്ന ഒരു കോപ്പ വെള്ളത്തിനുപോലും അതിൻെറ ഫലം ലഭിക്കുമെന്നു ആ കുട്ടി നന്നായി ഗ്രഹിച്ചിരുന്നു. പഠനവിഷയത്തിലും ഫ്രാൻസീസ് അനുകരണീയമായ ഔത്സുക്യം പ്രദർശിപ്പിച്ചു. ധീരാത്മാക്കളായ പുരുഷകേസരികളുടെ ജീവചരിത്രമാണു് കൂടുതൽ ആ കുട്ടിയെ ആകർഷിച്ചിരുന്നതു്. പ്രായമാകുമ്പോൾ യുദ്ധക്കളത്തിൽ ചാടിവീണു തനിക്കും ഒരു നല്ല പേർ സമ്പാദിക്കണമെന്നായിരുന്നു ആ കിശോരൻെറ അന്നത്തെ അഭിലാഷം. അസീസ്സിയും പെരൂജിയായും തമ്മിൽ യുദ്ധം പ്രഖ്യാപനം ചെയ്യപ്പെട്ടപ്പോൾ ഫ്രാൻസീസിനു വയസ്സു ഇരുപതായിരുന്നു. അദ്ദേഹം ഉടനടി പട്ടാളത്തിൽ ചേൎന്നു യുദ്ധത്തിൽ ഏൎപ്പെട്ടു. എന്നാൽ ഭാഗ്യാതിരേകത്താലൊ, നിർഭാഗ്യവശാൽത്തന്നെയൊ, യുദ്ധഫലം യുവാവായ ഫ്രാൻസീസിൻെറ ആഗ്രഹത്തിനു വിപരീതമായിട്ടാണു് കലാശിച്ചതു്. പെരൂജിയർ ജയിക്കയും ഫ്രാൻസീസും കൂട്ടരും ബന്ധനസ്ഥരായി പിടിക്കപ്പെടുകയും ചെയ്തു. കാരാഗൃഹവാസം ഫ്രാൻസീസിൻെറ കൂട്ടുകാരെ നിശ്ശേഷം നിരുത്സുകരാക്കിത്തീർത്തുകളഞ്ഞു. എന്നാൽ അദ്ദേഹത്തിനു അവിടവും സുഖപ്രദമായിത്തന്നെ തോന്നി. അദ്ദേഹത്തിൻെറ സമാധാനത്തെ ഹനിക്കുന്നതിനൊ, ആഹ്ലാദത്തെ കുറയ്ക്കുന്നതിനൊ ആ കാരാഗൃഹത്തിനു കഴിവുണ്ടായില്ല.

ഒരു കൊല്ലം കഴിഞ്ഞപ്പോൾ ഫ്രാൻസീസിനു മോചനം

ലഭിച്ചു പഴയപടി അദ്ദേഹം ഉല്ലാസമായ ജീവിതം തുടൎന്നു. എന്നാൽ അധികം അങ്ങനെ കഴിഞ്ഞില്ല. അദ്ദേഹം രോഗബാധിതനായി പരിണമിച്ചു രോഗം അത്ര നിസ്സാരവുമായിരുന്നില്ല. സുഖപ്രാപ്തിതന്നെ സന്ദിഗ്ദ്ധമെന്നായിക്കായി. ദീൎഘനാൾ അങ്ങനെ ഏകാകിയായി രോഗശയ്യയിൽ കിടക്കേണ്ടിവന്നപ്പോൾ പൂൎവകാലചരിത്രം അദ്ദേഹത്തിൻെറ സ്മൃതിപഥത്തെ അല്പാല്പമായി ആരോഹണംചെയ്തു. അതു പരിപൂൎണ്ണമായ സംതൃപ്തി അദ്ദേഹത്തിനു പ്രദാനംചെയ്തു എന്നു പറവാൻ പാടില്ല. എന്തുകൊണ്ടെന്നാൽ സുഖം പ്രാപിക്കുന്നതായാൽ സ്വജീവിതപരിപാടി ഒന്നു പരിഷ്കരിക്കുന്നതാണെന്നു അവിടെ കിടന്നുകൊണ്ടുതന്നെ അദ്ദേഹം നിശ്ചയം ചെയ്തു.

രോഗം ക്രമശഃ ഭേദമായി; പൂൎണ്ണമായ ആരോഗ്യംതന്നെ കൈവന്നു. എന്നാൽ രോഗശയ്യയിൽവെച്ചു ചെയ്ത പ്രതിജ്ഞ ഒരു കഥയാക്കിയില്ല. വീണ്ടും സഖാക്കളുമായി അദ്ദേഹം ഇടപെട്ടു. എന്നാൽ പലപ്പോഴും താഴെ വരുംപ്രകാരം ആത്മഗതം ചെയ്യുവാൻ ഏതോ ഒരു ശക്തിവിശേഷം അദ്ദേഹത്തിൻെറ ചിത്തവൃത്തികളെ നിയന്ത്രിച്ചിരുന്നു. "എൻെറ ജീവിതഗതികൾ എത്ര ബാലിശവും, ലൗകികസന്തോഷങ്ങൾ എത്ര ക്ഷണികവുമാണ്!" ഈ വിചാരം ശക്തി പ്രാപിച്ചപ്പോൾ ഫ്രാൻസീസ് കൂട്ടുകാരിൽനിന്നു അല്പാല്പം ഒഴിഞ്ഞുമാറുവാൻ തുടങ്ങി. ഏതെങ്കിലും കാൎയ്യമായ ഒരു തൊഴിലിൽ പ്രവേശിക്കണമെന്നാണ് അദ്ദേഹം അനന്തരം തീൎച്ചചെയ്തതു്. പണസമ്പാദനമാൎഗ്ഗങ്ങൾ ഒന്നുംതന്നെ പ്രീതിദമായി അദ്ദേഹത്തിനു തോന്നിയില്ല. ധീരാത്മാവെന്നുള്ള പേരെടുക്കണമെന്നുതന്നെയായിരുന്നു അപ്പോഴും അദ്ദേഹത്തിൻെറ അഭിലാഷം.

ഇക്കാലത്തു് അസ്സീസ്സിയിലെ കൗണ്ട് ഒരു വലിയ സൈന്യം ശേഖരിക്കുന്നുണ്ടായിരുന്നു. ഫ്രാൻസീസ് ഉടനെതന്നെ അതിൽ പേർ കൊടുത്തു കൗണ്ട് അദ്ദേഹത്തെ സ്വീകരിക്കുകമാത്രമല്ല, സൈന്യത്തിൽ ഒരു ഉയൎന്ന സ്ഥാനംതന്നെ നൽകി. ഫ്രാൻസീസ് അത്യധികം സന്തോഷിച്ചു. പുത്രൻെറ പേരും പെരു

മയും കൊതിച്ചിരുന്ന പിതാവിനും ഈ സ്ഥാനലബ്ധി അറ്റമില്ലാ മായ ആനന്ദമേകി. ഫ്രാൻസീസ് തന്റെ പുതിയ യൂണിഫോറവും മുദ്രകളുമെല്ലാം അണിഞ്ഞു് ഒരു സായാഹ്നത്തിൽ അശ്വാരൂഢനായി യുദ്ധയാത്ര പറയുവാൻ ബന്ധുമിത്രങ്ങളുടെ വസതികളിലേക്കു തിരിച്ചു.

പ്രൗഢഗംഭീരനായി യാത്രചെയ്തിരുന്ന ഫ്രാൻസീസിന്റെ കുതിരയുടെ ജീനിയിൽ, പ്രാകൃതരൂപനായ ഒരാൾ ഓടിവന്നു പിടികൂടി. അദ്ദേഹം അയാളെ സൂക്ഷിച്ചുനോക്കി. അതെ, അദ്ദേഹം ധീരനായ ഒരു യോദ്ധാവായിരുന്നു ഒരിക്കൽ. എന്നാൽ അപ്പോൾ നിർധനനും, അർദ്ധനഗ്നനും, നിസ്സഹായനുമായിട്ടാണ് പ്രത്യക്ഷപ്പെട്ടതു്. ധനസഹായമാണ് അയാൾ അപ്പോൾ നിശ്ശബ്ദമായി ചോദിച്ചതു്. ഫ്രാൻസീസിന്റെ ഭൂതദയ തടവുകൂടാതെ അയാളിലേക്കു ഒഴുകി. അദ്ദേഹം അന്തർഗതംചെയ്തു. "രാജ്യത്തിനുവേണ്ടി അത്യധികമായ ക്ലേശങ്ങൾ സഹിച്ച ഇദ്ദേഹം ഇപ്രകാരം അർദ്ധനഗ്നനായും, ഒന്നുംതന്നെ സഹിച്ചിട്ടില്ലാത്ത ഞാൻ വിശേഷവസ്ത്രവിഭൂഷിതനായും പോകുന്നതു ഒട്ടുംതന്നെ ശരിയല്ല." ഫ്രാൻസീസ് ഇപ്രകാരം ചിന്തിക്കുകമാത്രമല്ല ചെയ്തതു്. ഉടനെ കുതിരപ്പുറത്തുനിന്നു അദ്ദേഹം ചാടി ഇറങ്ങി വസ്ത്രങ്ങളെല്ലാം ഊരി ആ യോദ്ധാവിനു കൊടുത്തിട്ടു അയാളുടെ കീറത്തുണികൾ വാങ്ങി സ്വശരീരം ആച്ഛാദനംചെയ്തു. കുതിരപ്പുറത്തു അയാളെ കയററി ഇരുത്തിക്കൊണ്ടു യാത്രയും ചൊല്ലി വീട്ടിലേക്കു മടങ്ങി.

സൈനികസംഘത്തോടു ചേൎന്നു ഫ്രാൻസീസ് യുദ്ധക്കളത്തിലേക്കു പോകതന്നെചെയ്തു. തങ്ങളുടെ പുത്രൻ പ്രശസ്തമായ ഒരു പേർ എടുത്തു വരുമെന്നു മാതാപിതാക്കൾ ഉറച്ചിരുന്നു. എന്നാൽ മാൎഗ്ഗമദ്ധ്യേ അദ്ദേഹം രോഗബാധിതനായി കിടപ്പിലാകുകയാണുണ്ടായതു്. അപൂൎവ്വമായ ഒരു സ്വപ്നം രോഗശയ്യയിൽ അദ്ദേഹത്തിനുണ്ടായി. അശ്രുതപൂൎവ്വമായ ഒരു ശബ്ദം അദ്ദേഹത്തിന്റെ ചെവിയിൽ പെടുകയുംചെയ്തു. അതു് ഇപ്രകാരമായിരുന്നു:

"ഫ്രാൻസീസേ, എവിടേക്കാണ് നിനക്കു പോകേണ്ടതു്?"

"അകവീലായിൽ പോയി എനിക്കൊരു മാടമ്പിയാകണം"

"ഫ്രാൻസീസേ, പറയൂ. നിന്നെക്കൊണ്ടു ആർക്കായിരിക്കും കൂടുതൽ പ്രയോജനം; യജമാനനൊ, ഭൃത്യനൊ?"

"അതു യജമാനനുതന്നെ."

"അങ്ങനെയെങ്കിൽ യജമാനനെ വിട്ടു ഭൃത്യന്റെ പക്കലേക്കും, രാജാവിനെ ഉപേക്ഷിച്ചു അടിമയുടെ സമീപത്തേക്കും നീ ഓടുന്നതെന്തിന്?"

"കർത്താവേ, എന്നെക്കൊണ്ടു എന്തു ചെയ്യുവാനാണ് നീ ആഗ്രഹിക്കുന്നതു്?"

"നീ വീട്ടിലേക്കു മടങ്ങുക; അവിടെ ചെല്ലുമ്പോൾ നീ ചെയ്യേണ്ടതു് നിനക്കു മനസ്സിലാവും."

പുരരാഗമനത്തിനുള്ള ആഗ്രഹം ഫ്രാൻസീസിൽ പെട്ടെന്നു നിലച്ചു. ഖ്യാതി നേടുവാനുള്ള ആശയും അസ്തമിച്ചു. അദ്ദേഹം വീട്ടിലേക്കുതന്നെ മടങ്ങി. അദ്ദേഹത്തിന്റെ അന്തരാത്മാവു് സ്വർഗ്ഗീയമായ ഒരു സംതൃപ്തികൊണ്ടു നിറഞ്ഞു. ലോകത്തോടുള്ള ബന്ധങ്ങളെല്ലാം താനെ ശിഥിലങ്ങളായി. ദൈവസ്വരം ഹൃദയതലത്തിൽ അദ്ദേഹം വ്യക്തമായി ശ്രവിച്ചു. ധനികനായ യുവാവിനോടു ദിവ്യനാഥൻ ഒരിക്കൽ അരുളിച്ചെയ്ത വാക്കുകൾ തന്നെ ആയിരുന്നു അവ. "സ്വർഗ്ഗീയ നിക്ഷേപം കരസ്ഥമാക്കുവാൻവേണ്ടി നിനക്കുള്ളതെല്ലാം വിററു ദരിദ്രക്കു ദാനംചെയ്തിട്ടു എന്നെ അനുഗമിക്കുക." വിചാരനിമഗ്നനും, മൗനവ്രതനുമായിട്ടാണ് അനന്തരകാലത്തു സ്നേഹിതന്മാരുടെ ഇടയിൽ പലപ്പോഴും അദ്ദേഹം പ്രത്യക്ഷപ്പെട്ടിരുന്നതു്. അവരുടെ സഹവാസംതന്നെ നിവൃത്തിയുള്ളിടത്തോളം അദ്ദേഹം സ്വമനസ്സാ ഉപേക്ഷിച്ചു. അവക്കു ഇതിന്റെയൊക്കെ രഹസ്യം ഒട്ടുംതന്നെ മനസ്സിലായില്ല. തന്നിമിത്തം പലരും പലതും ഇതേക്കുറിച്ചു അദ്ദേഹത്തോടു ചോദിച്ചു. ഒരിക്കൽ ഇപ്രകാരം ഒരു സംഭാഷണവും നടന്നു.

"ഫ്രാൻസീസേ, നിങ്ങൾ ഇത്ര ചിന്താമഗ്നനായി കാണ

പ്പെടുന്നാതെന്താണ്? എന്താ, നിങ്ങൾ വല്ല വിവാഹാലോചനയും നടത്തുന്നുണ്ടോ?"

"ശരിയാണ്; ഞാൻ ഒരു വിവാഹം കഴിക്കുവാൻതന്നെ ആലോചിച്ചുവരുന്നു. സ്ത്രീകളിൽ അതീവ സുന്ദരിയും, ധനാഢ്യയും, കുലീനയുമായ ഒരു സ്ത്രീരത്നമാണ് എന്റെ പ്രേമഭാജനമായിത്തീരുവാൻ പോകുന്നത്."

അവരുടെ ജിജ്ഞാസയ്ക്കും സന്തോഷത്തിനും അതിരുണ്ടായിരുന്നില്ല. ഏകകണ്ഠം അവർ ചോദിച്ചു.

"ആരായിരിക്കാം ആ സ്ത്രീരത്നം?"

"അവളുടെ പേർ ദാരിദ്ര്യം എന്നാണ്."

അവർ കൂട്ടത്തോടെ പൊട്ടിച്ചിരിച്ചു. വെറും നേരംപോക്കായി അവർ അതിനെ പരിഗണിച്ചു. എന്നാൽ അധികം താമസിയാതെ ഫ്രാൻസീസ് സമസ്തവും ഉപേക്ഷിച്ചിട്ടു കാഷായവസ്ത്രം സ്വീകരിച്ചപ്പോളാണ് അദ്ദേഹം പറഞ്ഞതു് കാര്യമെന്നു അവർ ഗ്രഹിച്ചതു്.

അവളുടെ

# പ്രാത്ഥനപോലെ നിവൃത്തിയായി.

(വെരി റവ. ഫാദർ ജോൺ ബക്മാൻസു് സി. ഡി.)

ഒരു ദിവസം വി. ജോൺ ബോസ്കോ ഒരു പ്രഭ്വിയേയും അവളുടെ മക്കളേയും സന്ദർശിക്കുകയുണ്ടായി. വിശുദ്ധനെ സാദരം ഉപചരിച്ചശേഷം അദ്ദേഹത്തിന്റെ സുകൃതമാഹാത്മ്യത്തേയും പ്രവചന വരത്തേയുംപറ്റി ധാരാളം കേട്ടിരുന്ന ആ സ്ത്രീരത്നം അവളുടെ അരുമസന്താനങ്ങളുടെ ഭാവി എന്തായിരിക്കുമെന്നു വെളിപ്പെടുത്തണമെന്നു ദൈവദാസനോടു നിർബ്ബന്ധപൂർവ്വം യാചിക്കയായി. "എന്റെ സ്വാമിനീ, ദൈവത്തിനു മാത്രമേ ഭവിഷ്യകാര്യങ്ങൾ ദർശിപ്പാൻ ശക്തിയുള്ളു." എന്നു അദ്ദേഹം മറുപടി പറഞ്ഞു. "അതിനിക്കറിയാം, എന്നാൽ എന്റെ

മക്കളെപ്പററി അവിടത്തേക്കുള്ള ആശംസകളെങ്കിലും ഞങ്ങളെ അറിയിക്കണം." എന്നു അവൾ തുടൎന്നുപറഞ്ഞു.

"കൊള്ളാം. ഈ കുട്ടി ഒരു സമൎത്ഥനായ യുദ്ധവീരനാകും. അപരൻ അവൻെറ പിതാവിനോടൊപ്പം രാജ്യതന്ത്രജ്ഞനായി പ്രശോഭിക്കും. നിപുണനായ ഡോക്ടറായിരിക്കും മൂന്നാമൻ." ഇത്രയും പറഞ്ഞശേഷം തൻെറ മുമ്പാകെ നിന്നിരുന്ന ഇളയകുട്ടിയായ നാലാമത്തവൻെറമേൽ ഡോംബോസ്കോ കൈവെച്ചുകൊണ്ടു അവൻെറ മുഖത്തു സ്നേഹപൂൎവ്വം നോക്കിക്കൊണ്ടു നിന്നു. മൂന്നു പുത്രന്മാരുടെ ഭാഗ്യാതിരേകം കേട്ടു കുതൂഹലപൂരിതയായ മാതാവു് 'വന്ദ്യപിതാവേ, ആ കുഞ്ഞിൻെറ ഭാവി എങ്ങനെ പരിണമിക്കും.' എന്നു ചോദിച്ചു. "അവനെപ്പററി എനിക്കു പറവാനുള്ളതു പക്ഷെ കേൾപ്പാൻ നിങ്ങൾ ഇഷ്ടപ്പെടുകയില്ല എന്നു ഞാൻ ശങ്കിക്കുന്നു" എന്നായിരുന്നു അതിനുള്ള മറുപടി. അതു സദയം വെളിപ്പെടുത്തണമെന്നു വീണ്ടും പ്രഭ്വി നിൎബ്ബന്ധിച്ചപ്പോൾ, "കൊള്ളാം, ഞാൻ പറയാം; നമുക്കു അവനെ ഉൽകൃഷ്ടനും പരിശുദ്ധനുമായ ഒരു വൈദികനാക്കാം." എന്നു അദ്ദേഹം പ്രസ്താവിച്ചു.

ഇതു കേട്ടപ്പോൾ അവൾ മ്ലാനമുഖത്തോടുകൂടി കുറെ നേരം നിശ്ശബ്ദയായിരുന്നു. ലൌകിക മഹത്വത്തിൽ അത്യധികം ആകാംക്ഷ വെച്ചിരിക്കുക നിമിത്തം സ്വജാതനു ലഭിപ്പാനിരുന്ന ആദ്ധ്യാത്മിക സ്ഥാനവൈപുല്യം അവൾക്കു മനസ്സിലാക്കുവാൻ സാധിച്ചില്ല. അവളുടെ പ്രേമഭാജനമായ കൊച്ചുകുട്ടിയെ മാറോടു ചേൎത്തു ആലിംഗനം ചെയ്തുകൊണ്ടു അവനെ എന്തൊ ദുരദൃഷ്ടത്തിൽനിന്നു സംരക്ഷിക്കണമെന്നുള്ള ഭാവത്തിൽ ഇപ്രകാരം പറഞ്ഞു. "എൻെറ മകൻ ഒരു വൈദികനൊ! ഒരിക്കലുമില്ല. അവൻ പട്ടക്കാരനാകുന്നതിനെക്കാൾ മരിക്കുന്നതു കാണ്മാനാണു് ഞാൻ ആഗ്രഹിക്കുന്നതു്: അങ്ങനെയെങ്കിൽ ഞാൻ ദൈവത്തോടു അവൻെറ ആയുസ്സു എടുത്തുകളവാൻ പ്രാൎത്ഥിക്കാം." സ്വൎഗ്ഗീയമായ പൌരോഹിത്യപദം ഇപ്രകാരം അധിക്ഷേപിക്കുന്നതു കേട്ടപ്പോൾ നിരാശാഭരിതനായ ഡോംബോ

സ്കോ അവിടം വിട്ടുപോകുന്നതിനായി എഴുന്നേററു. പ്രഭ്വി ഉടനെ അദ്ദേഹത്തോടു 'അങ്ങു എന്താണു് പോകുവാൻ ഭാവിക്കുന്നതു്?' എന്നു ചോദിച്ചു. അതിനു "ഞാൻ ഇനി എന്തെങ്കിലും ചെയ്യണമെന്നു നിങ്ങൾക്കു ആഗ്രഹമുണ്ടെന്നു വിചാരിക്കുന്നില്ല. ലോകത്തിൽ ദൈവദത്തമായിട്ടുള്ള ഏററം ഉന്നതസ്ഥാനത്തെയാണു് ഭവതി ഇപ്രകാരം അധിക്ഷേപിച്ചിരിക്കുന്നതു്. നിന്ദാസൂചകമായി നീ ചെയ്ത പ്രാൎത്ഥന ദൈവം ശ്രവിക്കുമെന്നു എനിക്കു നിശ്ചയമുണ്ടു്." എന്നാണു് അദ്ദേഹം നൽകിയ മറുപടി.

പിറേറ ദിവസം പ്രഭ്വി ദോംബോസ്കോയുടെ വസതിയിൽ ചെന്നു ക്ഷമാപണം ചെയ്തു. പുത്രൻ വൈദികപട്ടം സ്വീകരിച്ചാൽ കുടുംബത്തിനു വലിയ നഷ്ടങ്ങൾ നേരിടുമെന്നും, തനിക്കു ദൈവഹിതത്തോടു എതിൎപ്പാൻ ഉദ്ദേശമില്ലെന്നും വ്യാഖ്യാനം നൽകി. വിശുദ്ധൻ "എന്റെ പ്രിയ സ്വാമിനീ, ദൈവം ഒരു കുടുംബത്തിനു നൽകുന്നതിൽ ഏററം ഉന്നതമായ ദാനമാണു് നിങ്ങൾ തിരസ്കരിച്ചിരിക്കുന്നതു്. ഒരു മകൻ വൈദികപദത്തിൽ ഉയൎത്തപ്പെടുന്നതു മറെറല്ലാററിനെക്കാൾ ഉന്നതമായ സ്ഥാനമാണു്. ദൈവസേവനത്തിനായി വിളിക്കപ്പെടുന്നതു നിൎഭാഗ്യമാണോ? നഷ്ടകാരണമെന്നു നീ പറയുന്നുവോ? ഞാൻ നിനക്കുവേണ്ടി പ്രാൎത്ഥിക്കാം. എന്നാൽ ദൈവം നിന്റെ അഭിലാഷം സ്വീകരിച്ചിട്ടുണ്ടു്." എന്നു സഗൌരവം മറുപടി പറഞ്ഞു. അവൾ ഭഗ്നാശയായി സ്വഭവനത്തിലേക്കു പിന്തിരിഞ്ഞു.

ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ദോംബോസ്കോയുടെ പക്കൽ ഒരു ദൂതൻ വന്നു പ്രസ്തുത പ്രഭ്വിയുടെ വ്യാധിതനായ പുത്രനെ അനുഗ്രഹിക്കുന്നതിനായി മാളികയിലേക്കു ചെല്ലണമെന്നു യാചിച്ചു. വിശുദ്ധൻ അതിനു ഒഴിവു പറഞ്ഞയക്കുകയാണു് ചെയ്തതു്. പിറേറ ദിവസം പ്രഭ്വിതന്നെ അദ്ദേഹത്തിന്റെ പക്കൽ ചെന്നു ഇതിനായി താഴ്മയോടെ പ്രാൎത്ഥിച്ചു. പട്ടണത്തിലുള്ള സമൎത്ഥന്മാരായ ഡോക്ടറന്മാർ പരിശോധിച്ചതിൽ ദീനം സുഖപ്പെടുത്തുവാൻ അസാദ്ധ്യമാണെന്നും അതി

ന്റെ സ്വഭാവംതന്നെ തങ്ങൾക്കു അജ്ഞാതമാണെന്നുമാണു് അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഒടുവിൽ എല്ലാവരുടെയും യാചന നിമിത്തം ഡോംബോസ്കോ അവളുടെ വസതിയിൽ പോയി. മുറിയിൽ പ്രവേശിച്ചപ്പോൾ മരണാസന്നനായ കുട്ടി അദ്ദേഹത്തെ സ്നേഹമസൃണമായി നോക്കി കൈ പിടിച്ചു മുത്തി. അതിനുശേഷം അവൻ അമ്മയെയും ഗുരുവിനേയും നോക്കിക്കൊണ്ടു ഇപ്രകാരം പറഞ്ഞു. “അമ്മേ, അങ്ങു് ഓൎമ്മിക്കുന്നുണ്ടോ? — ഡോംബോസ്കോ അച്ചൻ എന്നോടു — പറഞ്ഞപ്പോൾ — അവിടന്നു ദൈവത്തോടു — പ്രാൎത്ഥിക്കാം എന്നു പറഞ്ഞില്ലേ. — തന്റെ സരണം ഇപ്പോൾ ദൈവം എന്നെ അവിടത്തെ പക്കലേക്കു എടുക്കുകയാണു്.”

“എന്റെ പ്രിയ കുഞ്ഞേ,” അവൾ കരഞ്ഞുകൊണ്ടു പറയുന്നു, “ഞാൻ നിന്നെ അത്യധികം സ്നേഹിക്കയും നിന്നെ വിട്ടുപേക്ഷിക്കാൻ എനിക്കു സാധ്യമല്ലാതിരിക്കയും ചെയ്കകൊണ്ടാണു് അങ്ങനെ പറഞ്ഞതു്.” ഡോംബോസ്കോ ഹൃദയവികാരത്താൽ കണ്ണുനീർ ചിന്തി കുട്ടിയെ ആശീൎവ്വദിക്കയും മാതാവിനെ സമാശ്വസിപ്പിക്കയും ചെയ്തശേഷം മടങ്ങിപ്പോന്നു.

പ്രഭുകുമാരൻ മാതാവിന്റെ കരങ്ങളിൽ മൃതനായി കിടക്കുന്നു !

ആൎക്കും സാധിക്കാവുന്ന

## ഒരു പ്രേഷിതവേല. (തുടൎച്ച)

(റവ. ഫാദർ മാവുരുസ്സ് സി. ഡി.)

പ്രേഷിതവേലയുടെ ലാക്കു യഥാൎത്ഥമായ ലോകോദ്ധാരണമാണല്ലോ. “ഒരു കൈക്കോലും (lever) താങ്ങും (fulcrum) തന്നാൽ ഞാൻ ഭൂമിയെ ഉയൎത്താം” എന്നു ആൎക്കിമെഡിസ് (Archimedes) എന്ന ശാസ്ത്രജ്ഞൻ പറയുകയുണ്ടായി. അതു് വെറും അതിശയോക്തി പ്രയോഗമായിരുന്നു. എന്നാൽ നരക

ത്തോളംതന്നെ അധഃപതിച്ചു കിടക്കുന്ന ലോകത്തെ സ്വൎഗ്ഗംവരെ ഉയൎത്തുന്നതിനു പൎയ്യാപ്തമായ കൈക്കോലും താങ്ങും നാമേവരുടെയും സ്വാധീനത്തിലുണ്ട്. വി. കൊച്ചുത്രേസ്യാ പറയുന്നതുപോലെ ലോകോദ്ധാരണം സാധിക്കുന്നതിനു ഏററം പൎയ്യാപ്തമായ കൈക്കോൽ പ്രാൎത്ഥനയും, താങ്ങ് ദൈവത്തിലുള്ള മനോവിശ്വാസവുമാകുന്നു. "ഒരു കടുകു മണിയോളം വിശ്വാസം നിങ്ങൾക്കുണ്ടെങ്കിൽ ഈ മലയോടു മാറുവാൻ പറഞ്ഞാൽ അതു് മാറിപ്പോകും." എന്നു ക്രിസ്തു തൻെറ ശിഷ്യന്മാരോടു പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു നിശ്ചലമായ മലപോലെ തിന്മയിൽ ആണ്ടുകിടക്കുന്ന ലോകത്തെ അതിൽനിന്നു മാററി രക്ഷാമാൎഗ്ഗത്തിൽ കൊണ്ടുവന്നാക്കുന്നതിനു വിശ്വാസത്തോടുകൂടിയ പ്രാൎത്ഥനയാണ് ഏററം ആവശ്യം. "ജപത്തിൻെറ പ്രേഷിതജോലി പ്രസംഗത്തിൻേറതിനെക്കാൾ ഉന്നതമായതെന്നു പറയുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല." എന്നു വി. കൊച്ചുത്രേസ്യാ പറയുന്നു. ഈ പുണ്യവതിയുടെ മഹത്വംതന്നെ ഈ വസ്തുതയ്ക്കു ഉത്തമ സാക്ഷ്യം വഹിക്കുന്നുണ്ട്. അവൾ ലിസ്യൂവിലെ കൎമ്മല മഠത്തിൻെറ മതിലുകൾക്കുള്ളിൽ ഏതാനും വൎഷം ലോകത്തിനജ്ഞാതമായ ജീവിതം കഴിച്ചു തൻെറ ൨൪-ാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞ ഒരു ചെറിയ പെൺകുട്ടിയാണല്ലൊ. വി. ഫ്രാൻസീസ്സ് ശൗരിയാരെപ്പോലെ ലോകത്തിൽ ചുററിനടന്നു വേദപ്രസംഗം അവൾ ചെയ്തിട്ടില്ല. എങ്കിലും പ്രസംഗം കൂടാതെ ജപ അപ്പസ്തോലവൃത്തിയാൽതന്നെ ഇൻഡ്യയുടെ രണ്ടാമത്തെ ശ്ലീഹാ എന്ന അപരനാമത്താൽ പ്രകീൎത്തിക്കപ്പെടുന്ന ആ മഹാ സിദ്ധൻെറ സ്ഥാനം അവൾ കരസ്ഥമാക്കിയിരിക്കുന്നു. അദ്ദേഹത്തോടൊപ്പം അവളും വേദപ്രചാരമദ്ധ്യസ്ഥയായി തിരുസ്സഭയുടെ പരമാദ്ധ്യക്ഷനാൽ പ്രഖ്യാപനം ചെയ്യപ്പെട്ടിരിക്കുന്നു. വി. ഫ്രാൻസീസാകട്ടെ പ്രാൎത്ഥന കൂടാതെയല്ല ഇത്ര മഹൽ കൃത്യങ്ങൾ നിൎവ്വഹിച്ചിട്ടുള്ളതു് എന്നു നാം ഓൎക്കണം. പ്രാൎത്ഥനയും തപഃക്രിയകളും ഇടവിടാതെ അദ്ദേഹത്തിൻെറ പ്രസംഗത്തോടു സംഘടിപ്പിച്ചിരുന്നു എന്നു ചരിത്രത്തിൽ

കാണുന്നു. നോക്കുക! ജപ അപ്പസ്തോലവൃത്തിയുടെ മാഹാത്മ്യം! പ്രാൎത്ഥന കൂടാതെയുള്ള പ്രസംഗം ആത്മാവില്ലാത്ത ശരീരം പോലെയാകുന്നു.

അതുകൊണ്ടു നമ്മുടെ കുട്ടികൾ ചെറുപ്പം മുതല്ക്കു ഈശോയെ നിഷ്കപടമായി സ്നേഹിക്കുന്നതിനും അങ്ങേയോടു പരമാൎത്ഥമായി സംസാരിക്കുന്നതിനും പരിശീലിപ്പിക്കപ്പെടുകയാണെങ്കിൽ പ്രവൃത്തിയിലും വചനത്തിലും പ്രബലന്മാരായ പ്രേഷിതന്മാർ ധാരാളം നമ്മുടെയിടയിൽ ഉണ്ടാകാതിരിക്കയില്ല. ആഗ്രഹത്തിൽനിന്നാണല്ലൊ പ്രവൃത്തികൾ ഉണ്ടാകുന്നതു്. ആഗ്രഹം ചിന്തയിൽനിന്നും. അതുകൊണ്ടു ആത്മരക്ഷയേക്കുറിച്ചു ചിന്തിക്കുന്നതിനും അതിൽ ആഗ്രഹം ജനിക്കുന്നതിനും ഉള്ള അവസരങ്ങൾ മാതാപിതാക്കന്മാരും അദ്ധ്യാപകന്മാരും കുട്ടികൾക്കു ധാരാളം നൽകണം. ചെറുപ്പത്തിൽ കൊച്ചുത്രേസ്യാ പുണ്യവതിക്കുണ്ടായ ഒരു സംഭവം ഇത്തരുണത്തിൽ സ്മൎത്തവ്യമാണു്. അതു സ്വഭവനത്തിൽവെച്ചു കുട്ടിക്കാലത്തുതന്നെ അവളിൽ ശ്രദ്ധമൂലമായിരുന്ന ശ്രുഷ്ഷാന്തിയുടെ ഒരു ലക്ഷ്യം ആണു്. സ്വയംകൃതചരിതത്തിൽ ഇങ്ങനെ പറയുന്നു. "ഒരു ഞായറാഴ്ച ദിവസം കുർബാന കഴിഞ്ഞു എന്റെ ജപപ്പുസ്തകം അടച്ചപ്പോൾ, കുരിശിൽ തൂങ്ങിയ ഈശോയുടെ ഒരു പടം അതിന്റെ ഇലകളുടെ മദ്ധ്യേ ഇളകി മാറി പുറത്തേക്കു കാണപ്പെട്ടു. നമ്മുടെ കൎത്താവിന്റെ തിരുരക്തം മാത്രമേ വെളിക്കു കാണാമായിരുന്നുള്ളു. രക്തം ഒഴുകുന്ന ഭാഷയിൽ ഈ തിരുക്കരത്തിലുള്ള മുറിവിനെ കണ്ടമാത്രയിൽ എന്റെ ദേഹമാസകലം വിവരിക്കാൻ പാടില്ലാത്തവിധം കുളിൎക്കൊണ്ടു. തിരുരക്തത്തെ കണ്ടപ്പോൾ എന്റെ ചങ്കു പിളൎന്നുപോയി. കുരിശിന്റെ അടിയിൽ വീണിരുന്ന തിരുരക്തത്തെ വാരിയെടുക്കാൻ ആരും ഇല്ലല്ലോയെന്നു വിചാരിച്ചു അനിൎവ്വചനീയമായി ഞാൻ ദുഃഖിച്ചു. മേലിൽ എന്റെ ദിവ്യരക്ഷകന്റെ തിരുസ്ലീവായുടെ ചുവട്ടിൽ ആത്മീയമായി എപ്പോഴും നിന്നു്, കീഴെ വീഴുന്ന ജീവപ്രദമായ തിരുരക്തത്തെ വാരിയെടുത്തു ആത്മാവുകളുടെമേൽ തളിക്കണമെന്നുറച്ചു. (ഇത

ത്രെ ജ. അപ്പസ്തോലന്മാരുടെ ജോലി) അന്നുമുതൽ 'ദാഹിക്കുന്നു' എന്നു ദിവ്യരക്ഷകൻ മരിക്കുന്നതിനുമുമ്പു ഉച്ചരിച്ച ദിവ്യവാക്യം എന്റെ കണ്ണുപുടങ്ങളിൽ മുഴങ്ങിക്കൊണ്ടിരുന്നു. എന്റെ ഹൃദയം കത്തിയെരിയുന്നതുപോലെ തോന്നി. എന്റെ ഏകാഗ്രഹം എന്റെ പ്രിയന്റെ ദാഹത്തെ ശമിപ്പിക്കണം എന്നായിരുന്നു. എനിക്കും ആത്മരക്ഷയേക്കുറിച്ചു തീരാത്ത ദാഹം ഉണ്ടായി. പാപികളെ ഏതുവിധേനയും നരകാഗ്നിയിൽനിന്നു മോചിക്കണമെന്നു ഞാൻ ആഗ്രഹിച്ചു." അതിനെ തുടൎന്ന് പ്രൻസീനി (Pranzini) എന്ന ഒരു പാതകന്റെ മാനസാന്തരത്തിനായി ശിശുസഹജമായ സ്വാതന്ത്ര്യത്തോടുകൂടി അവൾ പ്രാൎത്ഥിച്ചതും ആഗ്രഹിച്ച ഫലം സിദ്ധിച്ചതും സ്വയംകൃതചരിതത്തിൽ വിവരിച്ചിട്ടുണ്ട്. ശരിയായ പരിശീലനം നൽകിയാൽ ഇത്തരം കുസുമങ്ങൾ നമ്മുടെ നാട്ടിലും പുഷ്പിച്ചു അവയുടെ സുരഭിവിശേഷത്താൽ നാമും ആഹ്ളാദഭരിതരായിത്തീരും.

പണ്ഡിതപാമരവ്യത്യാസമെന്യേ ആബാലവൃദ്ധം സകലൎക്കും സാധിക്കാവുന്നതും അതേ സമയത്തു അത്യുൽകൃഷ്ടവും ആയ ഒരു പ്രേഷിതവേലയാണ് ജപഅപ്പസ്തോലവൃത്തി എന്നു ആരോടും പ്രത്യേകം പറയേണ്ടതില്ല. ഇന്നത്തെ പരിതസ്ഥിതികളിൽ കൂടുതൽ ആവശ്യമായിരിക്കുന്ന ഈ പ്രേഷിതവേലയിലേക്കു എല്ലാവരുടെയും പ്രത്യേകം കുടുംബജീവിതക്കാരുടെയും സത്വരശ്രദ്ധയെ സാദരം ക്ഷണിച്ചുകൊള്ളുന്നു. ഇതിനെ പ്രോത്സാഹിപ്പിക്കുന്നതിനാണല്ലോ ജപഅപ്പസ്തോലസഖ്യം ഏൎപ്പെടുത്തിയിരിക്കുന്നതു്. അതുകൊണ്ടു ഈ സഖ്യത്തിന്റെ അംഗങ്ങളല്ലാതെ കത്തോലിക്കരിൽ ആരുംതന്നെ ഉണ്ടായിരിക്കരുതെന്നുള്ള നമ്മുടെ പരിശുദ്ധ പിതാവിന്റെ ആഗ്രഹമനുസരിച്ചു അതിന്റെ അംഗങ്ങളായി പ്രാൎത്ഥനയുടെ പ്രേഷിതജോലി നടത്തുന്നതായിരിക്കും ഏറ്റം പ്രായോഗികമാൎഗ്ഗം. ഇതു വഴിയായി ഒരു ആദ്ധ്യാത്മിക ഉണൎവ്വും കത്തോലിക്കജീവനും നമ്മുടെയിടയിൽ ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല ഈ സഖ്യത്തെ സ്ഥാപിച്ചു ശരിയായി നടത്തുന്ന സ്ഥലങ്ങളിൽ ഈ ഫലം അ

നുഭവപ്പെടുന്നുണ്ട്. നമ്മുടെ സകല പ്രവൃത്തികളിലും ഉദ്ദേശ്യശുദ്ധി ഉണ്ടാകുന്നതിനും വെറും സാധാരണകൃത്യങ്ങൾകൊണ്ടുമാത്രം ജീവിതവിശുദ്ധി പ്രാപിക്കുന്നതിനും ഏററം നിസ്സാരമായ പ്രവൃത്തികൾ എന്നല്ല നിഷ്പക്ഷമോ, ലൗകികമോ ആയ നമ്മുടെ പരിശ്രമങ്ങൾതന്നെയും അനശ്വരമായ യോഗ്യതാസമ്പാദനത്തിനു നിദാനമായിത്തീരുന്നതിനും ഇതു പ്രേരകമായി ഭവിക്കുന്നു.

മാതാപിതാക്കന്മാർ അവരുടെ കുട്ടികളിലും അദ്ധ്യാപകന്മാർ അദ്ധ്യേതാക്കളിലും പ്രാർത്ഥനാപ്രേഷിതവേലക്കുള്ള താൽപര്യം ഉല്പാദിപ്പിക്കുകയും അതിനെ പ്രാവർത്തികമാക്കുന്നതിനായി അവർ ചെയ്യുന്ന പ്രവൃത്തികളെയും അവർക്കുണ്ടാകുന്ന സങ്കടങ്ങളെയും ആത്മാവുകളുടെ രക്ഷയ്ക്കായി സമർപ്പിക്കുന്നതിനും ചിലപ്പോഴൊക്കെ പ്രത്യേക മാനസാന്തരങ്ങളെ ഉദ്ദേശിച്ചു വിശേഷവിധിയായി ചെറിയ ആശാനിഗ്രഹപ്രവൃത്തികളും ജപങ്ങളും ചെയ്യുന്നതിനും ഉത്സാഹിപ്പിക്കുകയും ചെയ്താൽ വലുതായ ഒരു ആദ്ധ്യാത്മിക ചൈതന്യം നമ്മുടെയിടയിൽ ഉണ്ടാകാതിരിക്കയില്ല അതിന്റെ അനുഗ്രഹീതഫലം ആ കുട്ടികൾക്കും അവരുടെ മാതാപിതാക്കന്മാർക്കും മാത്രമല്ല വി. കൊച്ചുത്രേസ്യായുടെ പ്രഥമ ഫലമായ പ്രൻസീനിയെപ്പോലെയുള്ളവർക്കും മാത്രമല്ല, പ്രസ്തുത സമുദായത്തിനും നാടിനും ആഹ്ലാദജനകമായിരിക്കുമെന്നുമാത്രം പറഞ്ഞുകൊള്ളുന്നു.

ബാലരംഗം.

## പശ്ചാത്താപം.

(ബാലമിത്രം)

(മർട്ടീൻ ഭവനത്തിലെ ഉദ്യാനം. കൊച്ചുത്രേസ്യാ മരിയയോടുകൂടി പ്രവേശിക്കുന്നു )

കൊച്ചുത്രേസ്യാ:- ചേച്ചീ, ഇതുപോലെ മനോഹരമായ ഒരു സായങ്കാലം കണ്ടിട്ടുണ്ടോ? എന്തൊരു ഭംഗി! ചേച്ചീ, ഈ തോട്ടത്തിലെ ചെടികളുടെയും പുഷ്പങ്ങളുടെയുംമേൽ ആരാണ് ഈ തങ്കച്ചായം

പാരിത്തേച്ചിരിക്കുന്നതു്. അതാ നോക്കു, ആ ആകാശഭാഗം—അതാ ആ പടിഞ്ഞാറെ ആകാശത്തട്ട്. ചേച്ചീ, നമുക്കു അതിൽ കയറി ഈ തോട്ടത്തിലെന്നപോലെ നടക്കുവാൻ സാധിക്കുമോ? ഒ! എങ്കിൽ എത്ര ആനന്ദമായിരുന്നു.

മരിയ:- കുഞ്ഞേ, അതു സ്വൎഗ്ഗാസ്ഥമയമാണു്. എന്താ ഇതു കണ്ടിട്ടു നിനക്കു ഇത്ര വലിയ ആനന്ദമുണ്ടോ? നാം നല്ലവരായിരുന്നാൽ ആകാശത്തട്ടിൽ കയറി നമുക്കു കളിക്കാൻ സാധിക്കും.

കൊച്ചുത്രേസ്യാ:- ചേച്ചീ, ഈ തോട്ടം ഇത്ര ഭംഗിയായിരിക്കുന്നുവെങ്കിൽ ഇതു സൃഷ്ടിച്ചുണ്ടാക്കിയ ആ നല്ല ദൈവം എത്ര അഴകുള്ളവനായിരിക്കും!

മരിയ:- കുഞ്ഞേ, അതു പരമാൎത്ഥമാണു്. അതുകൊണ്ടു ആ നല്ല ദൈവത്തിൻെറ സ്തുതിക്കായി നമുക്കൊരു പാട്ടു പാടാം. വാ. ഇവിടെ വരൂ. ഈ പൂവിലഞ്ഞിയുടെ ചുവട്ടിൽതന്നെ ഇരിക്കാം. (രണ്ടുപേരും ഇരിക്കുന്നു.)

ഗീതം.

ശ്രീശിവഷൺമുഖവേലനെ or നാഥനെയാറും എ മ.

1. ആനന്ദദായകദ്രൂപനെ,
ആദിപരാപര നാഥനെ,
ആതുരപാലക, വാഴ്ത്തുന്നു
ആരാധിച്ചീടുന്നു സാദരം (ആനന്ദ.

2. നിൻകരവേലകൾ രാപ്പകൽ
നിൻ സ്തുതി പാടുന്നു പാരിടെ
നിന്നുടെ കോമളവിഗ്രഹം
മന്നിതിൽ ഭംഗിയാൽ കാട്ടുന്നു. (ആനന്ദ.

3. നീഹാരവെൺമണിഹാരങ്ങൾ-
ഓരോരോ പൂവിതൾതോറുമേ
ആകെപ്രശോഭയാലാരഹോ
ആപാദചൂഡം വിതാനിച്ചു. (ആനന്ദ.

കൊച്ചുത്രേസ്യാ:- പാട്ടു ഇപ്പോൾ മതി. ചേച്ചീ നമുക്കു ഇനി ഊഞ്ഞാലാടുകതന്നെ. ചേച്ചീ (കൈക്കു പിടിച്ചുവലിച്ചിട്ടു) നമുക്കു ഒന്നു മത്സരിച്ചു ആടിനോക്കാം. ആരു ജയിക്കുമെന്നു കാണാമല്ലോ. ആരും ജയിക്കയില്ല. വെറുതെ ആടിയാലും പററില്ല. പാട്ടു പാടി ആടണം.

മിട്ടക്കണ്ടെങ്കിൽ ഒന്നു വാങ്ങിച്ചു നോക്ക.

മറിയ:- എടി പെണ്ണെ, നീതന്നെ ആടിക്കൊൾക. നീയേ ജയിക്കുകയുള്ളെങ്കിൽ ഞാൻ ആടിയിട്ടു എന്താ ഫലം. ഞാൻ ഇപ്പോൾ അമ്മയെത്തന്നെ ഒന്നു ശരിപ്പെടുത്തട്ടെ. (പോകുന്നു)

കൊച്ചുത്രേസ്യാ:- അതേ, അതേ, സമ്മതിച്ചോ. തോററുപോയെന്നു സമ്മതിക്കണം. ചേച്ചി തോററുപോയേ, തോററുപോയേ, (എന്നു ആർത്തുവിളിച്ചു ഊഞ്ഞാലിന്മേൽ ഓടിക്കയറിയിട്ടു)

ഗീതം. ഹരിമാധവനെ എ. മ.

മധുചിലയിതാ - റാണിഞാനായിതാ (മധു.
ഓമൽകിളിജാലങ്ങളെ കേളിയാടാൻ വാ
തൂമയാന്നിസ്സായാഹ്നത്തിലൂഞ്ഞാലാടാൻവാ
മന്ദമാരുതനിൽ - സൃഷ്ടിജാലങ്ങളെ,
ഒട്ടും വൈകാതവാ - തുഷ്ടിനൽകാൻ വാവാ. (മധു.

ചേച്ചീ (ദൂരെ നോക്കിയിട്ടു) ഇതു കണ്ടോ? ഇങ്ങനെയാണ്. സാധിക്കുമോ? പൊയ്ക്കോ പൊയ്ക്കോ. ഇവിടെ നിന്നാൽ തലതാനേ താണുപോവും. അല്ലെങ്കിൽ, ഞാൻ ഈ പൂവിലഞ്ഞിയുടെ ഉച്ചിയെ തൊട്ടുവരുന്നതു കാണണമോ? അല്ല (ഒരു ചിത്രശലഭം പോകുന്നതു കണ്ടിട്ടു) അതെന്തൊരു ഭംഗിയുള്ള ജീവി. എന്നെക്കായിലും എത്ര വേഗത്തിൽ അതു പറക്കുന്നു. അതിനെ പിടിക്കതന്നെ. (ഊഞ്ഞാലിൽനിന്നു ഇറങ്ങി തുമ്പിയുടെ പിന്നാലെ ഓടിയിട്ടു)

(ഗീതം ടി. മട്ടു്.)

എന്തിതെൻറചാരെ വരാതോടീടുന്നു നീ
എന്തിതയ്യോ നീ ത്യജിക്കുന്നെന്നുടെ സഖ്യം
വരികാത്തു സഖേ, ഭയമെന്തിനു ശുഭെ,
കനിവില്ലയോ നിന-ക്കകതാരിലശേഷം. (മധു.

(വീണ്ടും ഊഞ്ഞാലിൽ കയറി ആടുന്നു. മാർട്ടിൻ ഉദ്യാനത്തിൻെറ മറെറാരു ഭാഗത്തുകൂടി പ്രവേശിക്കുന്നു.)

മാർട്ടിൻ:- (ആത്മഗതം) ജീവിതത്തിലെ പ്രഭാതം എത്ര അവർണ്ണനീയം. കാറോ ചളിയോ കലരാത്ത ആ അന്തരിക്ഷത്തിൻെറ അഭിരാമകത്വം എന്നെപ്പോലെയുള്ള വൃദ്ധന്മാരിൽ എന്തെല്ലാം ആനന്ദാനുഭൂതിയാണ് ഉളവാക്കുന്നതു. അതു സ്വർഗ്ഗത്തിൻെറ പ്രതീതിതന്നെ, സം

ശയമില്ല. പക്ഷെ അതെത്ര ക്ഷണം കടന്നുപോകുന്നു. എനിക്കു നഷ്ട പ്പെട്ടിട്ടു വളരെ കാലം ചെന്ന ആ സാമ്രാജ്യത്തിന്റെ അധിപയായി ഇതാ എന്റെ കൊച്ചുത്രേസ്യ കാണപ്പെടുന്നു. കുഞ്ഞു ഓമന തന്നെത്താൻ മറന്നുപോയിരിക്കുന്നു. ചുററുമുള്ള വസ്തുക്കൾ എന്തെന്നു കുഞ്ഞു അറിയുന്നില്ല.

ഗീതം. നേരമിതാകുടി ഠ്യ ഗാന്ധിഋഷി എ. മ.

ശൈശവമേ, മധുമോഹനജീവിതമേ (ശൈ.

1. മാലേതുമില്ലാതൊരു - മാലാഖസംസന്നിഭയേ,
കോമളവിലോലമായ - ലില്ലിപോലെ നിർമ്മലയേ,
ഏതുമൊളിവില്ലാതെല്ലാം ലാലസിക്കും പൂർണ്ണമേ
ക്ലേശാകുലചിന്തയില്ലാ - തുല്ലസൽപ്രശാന്തതയേ
ആരറിവൂ! തവസാമ്രാജ്യ സമ്പത്തുകൾ. (ശൈ.

2. ശിശുവിൻ വദനസൂനം - പൊഴിയും കൊഞ്ചൽ
വാണി കേൾപ്പാൻ
മധുവും തൊഴുന്ന മന്ദസ്മേര മമമയുംകൊള്ളുവാൻ
കരയും ക്ഷണത്തിലുടൻ ചൊരിയും ചിരി കാണുവാനും
കപടം കളഞ്ഞ സ്നേഹ ചപലത വിളങ്ങിടാനും
കാരണമോ പരിപേലവനിന്മഹിമ. (ശൈ.

(അല്പം മുമ്പോട്ടു നടന്നിട്ടു) ത്രേസ്യ എന്നെ കാണുന്നുകൂടിയില്ലല്ലോ. ഇപ്പോൾ അവൾ എനിക്കു കൊച്ചുറാണിതന്നെ. അവളെ കളിയിൽനിന്നു വിരമിപ്പിക്കുക അചിന്ത്യം. ഒരുമ്മ നൽകുന്നതിനു പിടയ്ക്കുന്ന പിതൃഹൃദയത്തിന്റെ തള്ളൽ നിറുത്തുക അസഹ്യം. ഏതായാലും മുമ്പോട്ടു ചെല്ലുകതന്നെ. (നടക്കുന്നു) കഷ്ടം ഞാൻ ഇത്ര അടുത്തിട്ടുപോലും കുഞ്ഞു അറിയുന്നില്ലല്ലോ. ദൈവമേ, കുഞ്ഞുങ്ങളെപ്പോലെ ആകുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ലെന്നുള്ള അവിടത്തെ വാക്കുകളുടെ അർത്ഥം ഇപ്പോൾ എനിക്കു മനസ്സിലായി. ഇനി മടിച്ചിട്ടാവശ്യമില്ല. വിളിക്കുകതന്നെ.

മാർട്ടിൻ. ഗീതം. കണ്ടാലയോ കാമിനി. എ. മ.

ഓമനേ, മാമക ഭാവന താരമേ, വാ, വാ,
ശശിമുഖീ, വാവാ—അതിവേഗം വാവാ,
മനമോഹന ലീലയെവിട്ടുകൊണ്ടിങ്ങു നീ വാവാ. (ഓമ.

പുഞ്ചിരിക്കൊഞ്ചൽ വിലാസിനി താതനൊരുമ്മ
തരിക നീ ചാലെ—മടിയെന്യേബാലെ
ആരോമൽ പൈതലേ ലീല വെടിഞ്ഞു നീ വാവാ.

കൊച്ചുത്രേസ്യാ:— പിന്നെ, 'ഉമ്മ'. ഇല്ല. ഇല്ല. ഇപ്പോൾ അതിനല്ലെ നേരം.' ഞാനില്ല. ഞാൻ ഇവിടെതന്നെ ഇരിക്കും.

ഗീതം ടി മട്ടു തുടച്ച്.

അപ്പന്റ ചുംബനം വേണമെന്നുണ്ടെങ്കിലിങ്ങു
വരണമല്ലാതെ—വരില്ലഞാനങ്ങു
അതു കാത്തങ്ങു നില്ക്കുകിലേതും ഫലമില്ലതാതാ!

മാർട്ടിൻ:— (ആത്മഗതം) കുഞ്ഞു കളിയിൽ ഭ്രമിച്ചുപോയി. പക്ഷെ കളിയിലും അനുസരണം കുട്ടികൾ പഠിച്ചിരിക്കേണ്ടതാണ്. ചിലമാതാപിതാക്കൾ, വാത്സല്യാതിരേകത്താൽ കുഞ്ഞുങ്ങൾ തെററു പ്രവൎത്തിച്ചുകണ്ടാലും ശാസിക്കാത്തതുകൊണ്ടാണ് അവർ ഭാവിയിൽ ദുഷിച്ചു പോകുന്നത്. ഏതായാലും ത്രേസ്യാക്കു ഇതൊരു പാഠമായിരിക്കട്ടെ! (എന്നു പറഞ്ഞു ഒരക്ഷരവും മിണ്ടാതെ പിന്തിരിഞ്ഞു പോകുന്നു.) മരിയ ദ്വേഷ്യ ഭാവത്തിൽ പ്രവേശിച്ചുകൊണ്ടു.

മരിയ:— (കൊച്ചുത്രേസ്യായെ നോക്കിയിട്ടു) അസത്തേ, ഞാനിതാ പോകുന്നു. നീ ഇനി എന്റെ കൂടെ വരേണ്ട. ഇങ്ങനെയാണോ വേണ്ടതു. മരി-അപ്പനോടു ഇത്ര ധിക്കാരമായി സംസാരിക്കയോ.

ഗീതം കർപ്പിൽ ചിറന്ത. എ. മ.

കഷ്ടം കഥിച്ചതെന്തു കഠിനം
ചിന്താവിഹീനം-ത്രേസ്യാവിനയം-വിട്ടിതാ നീ (കഷ്ടം.
കരുതുക സ്നേഹമേറും-താതനോടേവം
ദുരപെരുകിയ ഗിരാ-ചെറുശിശു നീയും
അഹമ്മതിയോടുചൊല്ലി താതന്നു താപം
വരുത്തി നീ വികൃതിയായ് കഴിഞ്ഞു-
സ്നേഹം വെടിഞ്ഞു-ആളെ മറന്നു
മതി, മതി, പോ. (കഷ്ടം.)

(കൊച്ചുത്രേസ്യ കരഞ്ഞുകൊണ്ടു ഊഞ്ഞാലിൽനിന്നു താഴെ ഇറങ്ങി വീട്ടുനോക്കി ഓടുന്നു മരിയയും അവളെ അനുഗമിക്കുന്നു.)

മാർട്ടിൻ ഭവനം.

മാർട്ടിൻ ഒരു കസാലയിൽ ഇരിക്കുന്നു. കൊച്ചുത്രേസ്യ അദ്ദേഹത്തിന്റെ കാൽക്കൽ വീണു കരയുന്നു.

കൊച്ചുത്രേസ്യ. ഗീതം. (മധുരസ്സുരപോഷകവേണു എ. മ)

1) താതാ! പൊറുത്തീടണെ
ബുദ്ധിമോശം വന്നതാണെ
കോപം വെടിഞ്ഞീടണെ
പാണിയാൽത്തലോടണമെ. (താത.

2) മേലിലേൻ പ്രിയ താത
ഈ വിധം ഞാൻ ചെയ്കയില്ല
താതൻ ക്ഷമിക്കായ്കിലോ
പ്രാണൻ ദേഹം വേർപെടുമെ. (താത)

മാർട്ടിൻ:— ത്രേസ്യായെ ഇരുകരങ്ങൾകൊണ്ടും വാരി എടുത്തു സ്നേഹപുരസ്സരം ചുംബിച്ചുകൊണ്ടു ഗീതം.

നന്മനിറഞ്ഞോരമ്മേ എ. മ.

താപം വെടികബാലെ - പ്രേമപ്പൊൻപൂങ്കുയിലെ
അശ്രുകണങ്ങൾ ചാലെ - തൂകണ്ട ഭൂമിമേലെ
മിഴിജലമതിലിത തവകുററമെല്ലാം
കഴുകിയ വിധിയിതു പരിപാവനമെ
രമ്യമെ, ഭാസുരം പശ്ചാത്താപം. (ശുഭം.)

# അയാൾ ആരായിരുന്നു?

(ശ്രീമാൻ പി. ജെ. വറുഗീസ്.)

സാമ്പത്തികാധഃപതനത്തിനു വിധേയമാകാത്ത ഒരു കുടുംബവും ആ പ്രദേശത്തുണ്ടായിരുന്നില്ല. ജാക്കിന്റെ കുടുംബവും ഇതിൽനിന്നു വ്യത്യസ്തമല്ലായിരുന്നു. അവന്റെ പിഞ്ചു സഹോദരീസഹോദരന്മാർ അവനെ ആശ്രയിച്ചാണ് കഴിയേണ്ടിയിരുന്നതു്. അവരുടെ സംരക്ഷണാർത്ഥം ജോലി അന്വേഷിച്ചു നട

ക്കാത്ത വഴികളോ കയറാത്ത കമ്പനികളോ കാണാത്ത ഉദ്യോഗസ്ഥന്മാരോ ഇല്ല ഉദ്ദിഷ്ടകാര്യസാദ്ധ്യം ഉണ്ടാകാഞ്ഞതിനാൽ തീരെ നൈരാശ്യനായിത്തീൎന്നുവെങ്കിലും അവൻ വീണ്ടും തന്റെ പരിശ്രമം തുടൎന്നുകൊണ്ടിരുന്നു. ഒരു ദിവസം ജാക്ക് ആഫീസുകളിലേക്കുള്ള ഒരു ഗോവണി കയറുകയായിരുന്നു. തത്സമയം തന്നെക്കാൾ വളരെ പ്രായംകൂടിയ ഒരു മെലിഞ്ഞ മനുഷ്യൻ അവനുമുമ്പായി പോകുന്നതു കണ്ടു. അദ്ദേഹത്തിന്റെ മുഖത്തു് ഒരു ദിവ്യചൈതന്യം കളിയാടുന്നതായി അവനു തോന്നി. അദ്ദേഹത്തിന്റെ ദയനീയ പ്രകൃതി കണ്ടതോടുകൂടി ജാക്ക് തന്റെ സ്വന്തം ക്ലേശങ്ങൾ മറന്നുപോയി. 'സാധു' എന്നു സ്വയം ചിന്തിച്ചുകൊണ്ടു വേഗത്തിൽ പടികൾ കയറി അവൻ ആ വൃദ്ധന്റെ സമീപത്തെത്തി. അദ്ദേഹം തിരിഞ്ഞുനോക്കി. ഗൃഢവും നിഷ്കളങ്കവുമായ ആ നോട്ടം ജാക്കിന്റെ നിഗൂഢവിചാരങ്ങളെ വായിക്കുന്നതായി തോന്നി. അദ്ദേഹം സൗമ്യമായി പറഞ്ഞു: "നമ്മൾ ഒരേ വഴിക്കു തന്നെയാണു് പോകുന്നതു്. അല്ലേ?" "എന്നു തോന്നുന്നു. കാലസ്ഥിതി വളരെ മോശമാണു്." എന്നു ജാക്ക് ഒരു ചെറുപുഞ്ചിരിയോടെ മറുപടി പറഞ്ഞു.

വൃദ്ധൻ "അധൈൎയ്യപ്പെടേണ്ട. ലോകരംഗത്തിലേക്കു പ്രവേശിച്ചിട്ടല്ലേയുള്ളു. മുകളിലേക്കു നിന്റെ കണ്ണുകളെ തിരിക്കുക. മേഘങ്ങളെ ഭേദിച്ചു് നിന്റെ ദൃഷ്ടികൾ ഉന്നതങ്ങളിലേക്കു ഉയരട്ടെ."

ഇൗ സമയംകൊണ്ടു അവൻ ആപ്പീസിലേക്കുള്ള വലിയ വാതുക്കൽ എത്തി. അവിടെ അസാധാരണമായ ആൾക്കൂട്ടം കണ്ടു ജാക്കിനു പരിഭ്രമമായി. അവന്റെ നയനങ്ങൾ നിറഞ്ഞു. അതു കണ്ടു് ആ വൃദ്ധസ്നേഹിതൻ സസ്നേഹം പറഞ്ഞു. "മുകളിലേക്കുതന്നെ നിന്റെ ദൃഷ്ടികളെ ഉയൎത്തുക." ജാക്ക് "എന്നോടു സ്വൎഗ്ഗത്തിലേക്കു നോക്കുവാനല്ലേ അങ്ങു് പറയുന്നതു്?" എന്നു ചോദിച്ചു. അപ്പോൾ ആയിടെ ഉണ്ടായ അവന്റെ അമ്മയുടെ മരണത്തെയും "നീ ദൈവത്തിങ്കലേക്കു തിരിയുമെങ്കിൽ നിന്റെ ബുദ്ധിമുട്ടുകളിൽ അവിടുന്നു നിന്നെ സഹായിക്കും. എന്നോ

ൽ ഹാ! നിൻെറ പിതാവിൻെറ അസാധാരണങ്ങളായ ആദശ്ങ്ങളാണ് നിനക്കുള്ളത്" എന്ന ആ അമ്മയുടെ അന്ത്യവചസ്സുകളെയും അവൻ ഓർമ്മിച്ചു. അവൻ തുടൎന്നു. "എൻെറ അമ്മ ഈയിടെയാണ് മരിച്ചത്." അദ്ദേഹം ശാന്തമായി മറുപടി പറഞ്ഞു. "എനിക്കറിയാം. ഇന്നു മാനേജരെ കാണുവാൻ സൗകര്യമില്ല. മകനേ! നമുക്കു പുറത്തേക്കു പോകാം. സൂര്യപ്രകാശത്തിൽ നിനക്കു കൂടുതൽ ഉന്മേഷവും ഉത്സാഹവും തോന്നും. നിനക്കു പട്ടണത്തിൽ പരിചയമില്ലാത്തതിനാൽ ഇവിടെയുള്ള പ്രധാനസ്ഥലങ്ങൾ നിന്നെ ഞാൻ കാണിച്ചുതരാം."

അവർ ആ കെട്ടിടത്തിൽനിന്നു പുറത്തു ഇറങ്ങി സാവധാനം നടന്നു ഒരു വലിയ കെട്ടിടത്തിൻെറ മുമ്പിൽ എത്തി. ജാക്ക് മുകളിലേക്കു നോക്കി. അതൊരു ദേവാലയമായിരുന്നു. ജാക്ക് ചോദിച്ചു. "ഇതൊരു കത്തോലിക്കാ ദേവാലയമല്ലേ? ഇതിലൊന്നും എനിക്കു വിശ്വാസമില്ല. വാസ്തവത്തിൽ ക്രിസ്തുവിൻെറ ദൈവത്വത്തിൽ ഞാൻ വിശ്വസിക്കുന്നില്ല." അവൻെറ സ്നേഹിതൻ അന്വേഷണപരമായി അവനെ നോക്കി. ഉഗ്രമായ ഒരു നോട്ടം അവൻെറ ഹൃദയത്തിൽ പതിച്ചതായി തോന്നി. "എനിക്കറിയാം. എന്നാൽ നിൻെറ പൂൎണ്ണഹൃദയത്തോടുകൂടി നീ ദൈവത്തിൽ വിശ്വസിക്കയും അവിടുത്തെ സ്നേഹിക്കയും ചെയ്യുക." എന്നു അദ്ദേഹം ശാന്തമായി മറുപടി നൽകി. അവർ പടികൾ കയറി ദേവാലയത്തിൽ പ്രവേശിച്ചു. അഴിക്കാലിനോടു സമീപിച്ചപ്പോൾ അദ്ദേഹം സക്രാരി ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു "ഇതൊരു വിശുദ്ധ സ്ഥലമാണ്. ദൈവത്തിൻെറ ഭവനം. അവിടുന്നു ആ സക്രാരിയിൽ സന്നിഹിതനായിരിക്കുന്നു. മുട്ടുകുത്തി ആരാധിക്കുക." ജാക്ക് അപ്രകാരം ചെയ്തു. എങ്കിലും അവനിൽ സ്ഥിരമായ വിശ്വാസം ഇല്ലെന്നു അദ്ദേഹം കണ്ടു "നിനക്കു വിശ്വാസമായില്ല, വരൂ നമുക്കു ചാപ്പലിലേക്കു പോകാം." എന്നു പറഞ്ഞുകൊണ്ടു ജാക്കിനെ മുമ്പോട്ടാനയിച്ചു. അവർ ഒരു വലിയ ക്രൂശിതരൂപത്തിൻെറ മുമ്പിൽ എത്തി. അതു സജീവമായിരിക്കുന്നതുപോലെ തോന്നി. അവൻ ആ പ്രതിമയുടെ

കാലിൽ തൊട്ടു. ആ പ്രവൃത്തി ഭക്തിപരമായിരുന്നില്ലെങ്കിലും കാലിലെ മുറിവുകളും ആണികളും എന്നിങ്ങനെ ഓരോ ഭാഗങ്ങളെയും അവൻ സ്പർശിച്ചു. അവ ആണികളാൽ തുളക്കപ്പെട്ട രക്ഷകൻെറ കാൽപാദങ്ങളെ സൂചിപ്പിക്കുന്നവെന്നു അവൻ ഓർത്തു. അവനിൽ ഏതോ ഒരു വ്യത്യാസം ഉണ്ടാകുന്നതുപോലെ തോന്നി. അവനോടുള്ള അതിരററ സ്നേഹംമൂലമാണ് ഈ ക്രൂരമർദ്ദനങ്ങൾ ക്രിസ്തു സഹിച്ചതു് എന്നവൻ ചിന്തിച്ചു. "എൻെറ ആത്മാവിനോടുള്ള സ്നേഹംമൂലം" അവൻ ധ്യാനിച്ചു. ക്രൂശിതരൂപത്തിൻെറ കണ്ണുകളിലേക്കു നോക്കി. പകുതി അടയ്ക്കപ്പെട്ട ആ തിരുക്കണ്ണുകൾ കരുണാമസൃണമായും സ്നേഹസമന്വിതമായും അവനെ നോക്കുന്നതായി തോന്നി. മരണാസന്നനായ ദിവ്യരക്ഷകൻെറ മൃദുവും ഛിന്നഭിന്നവുമായ ശരീരത്തെ അവൻെറ സ്മൃതിപഥത്തിൽ എത്തിച്ചുകൊണ്ടു ആ പ്രതിമ സാവധാനം അവൻെറ ദൃഷ്ടിയിൽനിന്നു മാറിപ്പോകുന്നതായി തോന്നി. ജാക്ക് തൻെറ കൈകളെ മുമ്പോട്ടു നീട്ടി ആ കാലുകളെ തഴുകി. ആണികൾ തറച്ചിരുന്ന ഭാഗത്തെ ഭക്തിപാരവശ്യത്തോടെ ചുംബിച്ചു. "ഓ! ദിവ്യരക്ഷകനെ! ഞാൻ അങ്ങയിൽ വിശ്വസിക്കുകയും ആത്മാർത്ഥമായി അങ്ങയെ സ്നേഹിക്കയും ചെയ്യുന്നു." ഹൃദയാന്തർഭാഗത്തുനിന്നും താനെ പൊട്ടിപ്പുറപ്പെട്ട ഈ വാക്കുകൾ അവനറിയാതെതന്നെ ഉച്ചത്തിൽ പറഞ്ഞുപോയി. അപ്പോൾ ആ വൃദ്ധസ്നേഹിതൻെറ കാര്യം അവൻ ഓർത്തു. സമാധാനചിത്തനായ, സന്തുഷ്ടമാനസനായ ജാക്ക് അശ്രുപൂർണ്ണമായ നയനങ്ങളോടുകൂടി തിരിഞ്ഞുനോക്കി. ആരെയും കണ്ടില്ല. "എൻെറ സ്നേഹിതൻ ആരായിരുന്നു? വി. യൗസേപ്പോ?" എന്നു അവൻ സ്വയം ചോദിച്ചു.

---

കേവലം ഒരു മനുഷ്യനെ, അയാൾ എത്രതന്നെ വിശുദ്ധനായിരുന്നാലും, നിൻെറ ആദർശമായി നീ സ്വീകരിക്കേണ്ട. എന്തെന്നാൽ ദുഷ്ടാരൂപി അയാളുടെ ന്യൂനതകളെ തീർച്ചയായിട്ടു ക്രമേണ നിനക്കു പ്രത്യക്ഷപ്പെടുത്തി നിൻെറ ശ്രദ്ധയെ അവയിലേയ്ക്കു ആകർഷിക്കും. ആകയാൽ അനന്തപരിപൂർണ്ണതയും അഗാധപരിശുദ്ധിയുമുള്ളവനായ യേശുനാഥനായിരിക്കട്ടെ നിൻെറ ആദർശപുരുഷൻ. എങ്കിൽ നീ വഴിതെററുകയില്ല. — കുരിശിൻെറ വി. യോഹന്നാൻ.

# സ്നേഹരാജനായ യേശു. (തുടർച്ച.)

വറ. ഫാദർ സെറാഫിൻ ബെനഡിക്ററ്.

സിംഹാസനാരോഹണം എന്നാൽ എന്ത്? അതിന്റെ പ്രാധാന്യം. അത് ചെയ്യേണ്ട വിധം.

ഈശോയുടെ ദിവ്യഹൃദയത്തിനു ക്രിസ്തീയ കുടുംബത്തിലുള്ള സ്നേഹരാജത്വത്തെ ഔദ്യോഗികമായും സാമൂഹ്യമായും അംഗീകരിക്കുന്നതിനെയത്രെ സിംഹാസനാരോഹണം എന്നു പറയുന്നത്. ഈശോയുടെ ദിവ്യഹൃദയസ്വരൂപം കുടുംബത്തിന്റെ പ്രധാനസ്ഥാനത്തു സ്ഥാപിച്ചുകൊണ്ടു ഈ അംഗീകരണം പ്രത്യക്ഷീകരിക്കപ്പെടുന്നു. കുടുംബവും അതോടൊപ്പം അദ്ദേഹത്തിനു സാഘോഷം സമർപ്പിക്കപ്പെടുന്നു. അനന്തകാരുണികനായ ദൈവം പാരെലൊമോണിയലിൽ വെച്ചു അരുളിച്ചെയ്തതുപ്രകാരമാണ്: "ഞാൻ തന്നെയും സകല അനുഗ്രഹങ്ങളുടെയും ഉറവയാകയാൽ, എന്റെ ഹൃദയത്തിന്റെ സ്വരൂപം എവിടെയെല്ലാം സ്ഥാപിച്ചു വണങ്ങപ്പെടുന്നുണ്ടോ, ആ സ്ഥലങ്ങളിലെല്ലാം അവയെ ഞാൻ ധാരാളമായി പ്രവർഷിക്കും; എനിക്കു ശത്രുക്കൾ അനേകമുണ്ട്, അവർ എനിക്കെതിരായി പ്രവർത്തിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. എങ്കിലും ഞാൻ അവർക്കെല്ലാം പ്രതികൂലമായി വാഴും."

ആകയാൽ, സിംഹാസനാരോഹണം എന്നു പറയുന്നതു നമ്മുടെ ദിവ്യരക്ഷകൻ പാരെലെമോണിയലിൽവെച്ചു വി. മർഗ്ഗരീത്താ മറിയത്തിനോടു ചെയ്ത വാഗ്ദാനങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ നിർവ്വഹണമല്ല, പ്രത്യുത, അവയെല്ലാററിന്റെയും സമഗ്രമായ നിർവ്വഹണമാകുന്നു. അതെ, ആ സ്നേഹരാജൻ ചെയ്ത വാഗ്ദാനങ്ങളുടെ എല്ലാററിന്റെയും സമഗ്രമായ നിർവഹണമാകുന്നുവെന്നു നാം നന്നായി മനസ്സിലാക്കണം. ആകയാൽ സിംഹാസനാരോഹണത്തിന്റെ പരമോദ്ദേശ്യം ഒരു നവീന ഭക്താഭ്യസനത്തിന്റെ പ്രേരകസാധനമാണെന്നു ആരും ധരിച്ചുപോകരുത്. അതു കുടുംബത്തെ വിശുദ്ധീകരിക്കുന്നതിനും അതിനെ ദിവ്യരാജന്റെ ഒരു സജീവവും സാമുദായികവുമായ സിംഹാസനമാക്കിത്തീർക്കുന്നതിനുമുള്ള അഭിനവവും ശക്തവുമായ ഒരു മാർഗ്ഗമാണ്.

അതേ, ലോകം രൂപാന്തരീഭവിക്കയും രക്ഷിക്കപ്പെടുകയും ചെയ്യണമെങ്കിൽ യേശുവിൻെറ ജന്മദിനം ഒരു മഹോത്സവദിനമായി ആചരിക്കപ്പെട്ടാൽതന്നെ പോരാ, അതു സജീവവും സനാതനവുമായ ഒരു യാഥാർത്ഥ്യംകൂടെ ആയിരിക്കണം; മററു വാക്കുകളിൽ പറയുന്നതായാൽ നമ്മുടെ എമ്മാനുവേലായ യേശു, തൻെറ ബഹിഷ്കൃത സഹോദരങ്ങളും തിന്മയിലേയ്ക്കു അതീവമായി ചാഞ്ഞിരിക്കുന്നവരുമായ നമ്മുടെയിടയിൽ വസിക്കുകതന്നെവേണം. നമുക്കു നമ്മെത്തന്നെ വഞ്ചിക്കാതിരിക്കാം: എന്തുകൊണ്ടെന്നാൽ യേശുവിൻെറ — രാജാവായി പ്രഖ്യാപനം ചെയ്യപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്ന — മനുഷ്യസമുദായത്തിന്മേൽ ആകമാനം പരമാവകാശം സ്ഥാപിച്ചുവരിക്കുന്ന — യേശുവിൻെറ വാഴ്ച (ഇതു സമീപസ്ഥിതമോ ദൂരസ്ഥിതമോ ആയിക്കൊള്ളട്ടെ) സമാരംഭിക്കണമെങ്കിൽ നമ്മുടെ ഇന്നത്തെ സമുദായത്തെ നസറേത്തിലേതിനു സദൃശമായി ഒന്നു ഉടച്ചുവാർക്കതന്നെവേണം. ഓരോ രാജ്യത്തിലെയും കുടുംബസ്ഥിതിയേതോ അതുതന്നെയായിരിക്കും ആ രാജ്യത്തിൻെറയും സ്ഥിതി. കുടുംബത്തിനു സുസ്ഥിതിയാണെങ്കിൽ രാജ്യത്തിനും സുസ്ഥിതി; ദുഃസ്ഥിതിയാണെങ്കിൽ രാജ്യത്തിനും അതുതന്നെ. (കുടുംബങ്ങൾ ചേർന്നാണല്ലൊ സമുദായമുണ്ടാകുന്നതു്.) ഇയ്യൊരു നിയമത്തിനു ഇന്നുവരെയും യാതൊരപവാദവും ഉണ്ടായിട്ടില്ല.

ദീർഘനാളത്തേയ്ക്കു സത്യാന്വേഷണബുദ്ധ്യാ പഠനം തുടരുകയും ഒടുവിൽ കത്തോലിക്കമതം അവലംബിക്കയുംചെയ്ത ഒരു മാന്യദേഹം എന്നോടു ഒരിക്കൽ പറഞ്ഞതു ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാണു്. അതിപ്രകാരമായിരുന്നു: ഗുരോ, നിങ്ങൾ പ്രസംഗിക്കുന്ന ക്രിസ്തുമതത്തെ അതിവർണ്ണനം ചെയ്യുന്നതിനോ അതിൻെറ പ്രാധാന്യത്തെ പ്രകീർത്തിക്കുന്നതിനോ നിങ്ങൾ ശക്തരല്ല. ഞാൻ സംസാരിക്കുന്നതെന്തെന്നു എനിക്കറിയാം. ഫ്രീമേസന്മാർ — ഞാനും അനേക വർഷത്തോളം ഇവരിൽ ഒരുവനായിരുന്നു — എല്ലായ്പോഴും ഏക വിചാരമേയുള്ളു. അതു് കുടുംബങ്ങളെ ക്രിസ്തീയമല്ലാതാക്കുകയാകുന്നു. ഇയ്യൊരു

ളൃത്യം പൂർണ്ണമായിട്ടോ അംശമായിട്ടോ സാധിച്ചുകഴിഞ്ഞാൽ അവർ യാതൊരു സങ്കോചവും കൂടാതെ സകല ഭദ്രാസന ദേവാലയങ്ങളെയും ദേവാലയങ്ങളെയും കപ്പേളകളേയും കത്തോലിക്കരുടെ അധീനത്തിൽ വിട്ടേയ്ക്കും. എന്തുകൊണ്ടെന്നാൽ കുടുംബത്തിന്റെ തിരുമണ്ഡപത്തെ അവർ കരസ്ഥമാക്കിയിരിക്കെ കല്ലും മരവും കൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ള ആ കെട്ടിടങ്ങൾക്കു എന്തു പ്രാധാന്യമാണുള്ളത്? ഈ വികല്പകാരുടെ ഈ തന്ത്രം എത്രകണ്ടു ഫലപ്രദമാകുമോ അത്രകണ്ട് നാരകീയ വിജയവും ഭദ്രമായിരിക്കും. എന്റെ അച്ചാ, ഞാൻ ഒരു ഫ്രീമേസണായിരുന്നപ്പോൾ ഇതായിരുന്നു എന്റെ ചിന്താഗതി; ഇതായിരുന്നു എന്റെ ജോലി." എന്തിനധികം! "ഈ ലോകത്തിന്റെ സന്താനങ്ങൾ അവരുടെ ജന്മത്തിൽ പ്രകാശത്തിന്റെ സന്താനങ്ങളേക്കാൾ ബുദ്ധിസാമർത്ഥ്യമുള്ളവരാകുന്നു." (ലൂക്കാസ് ൧൬. ൮) എന്നു സുവിശേഷത്തിൽ പറയപ്പെട്ടിട്ടുള്ളതു എന്നും പരമാർത്ഥമായിരിക്കും എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

നമ്മുടെ സമുദായത്തിനു ഇന്നുള്ള ഒരു പോരായ്മ - ഏററം വലിയ ഒരു പോരായ്മ - അതീന്ദ്രിയവസ്തുക്കളെക്കുറിച്ചുള്ള - ദൈവികങ്ങളെക്കുറിച്ചുള്ള ചിന്തയില്ലായ്മയാണ്. എന്നാൽ ഇതിനു തീർച്ചയായും ഒരു പ്രതിവിധിയുണ്ട്. അതു്, വീണ്ടും സുവിശേഷം വഴിയായി നസറേത്തിൽ എത്തിച്ചേരുകയാകുന്നു. നിത്യജ്ഞാനംതന്നെ ലോകത്തിന്റെ രക്ഷാസൗധത്തെ കുടുംബത്തിന്റെ മൂലക്കല്ലിന്മേലത്രെ പടുക്കുവാൻ തിരുവുള്ളമുണ്ടായതു്. അതിൽ, ദൈവവചനവും നമ്മുടെ സഹോദരനുമായ യേശു തന്റെ രക്ഷണീയ ജോലിയെ സമാരംഭിച്ചു. ആധുനിക ലോകത്തെ രക്ഷിക്കുന്നതിനും ഇതല്ലാതെ മറെറാരു മാർഗ്ഗവും നാം ഉപയോഗപ്പെടുത്തിക്കൂടാ. നാം അതിനെ, ഏററം വിനീതമെങ്കിലും അതേ സമയംതന്നെ ഏററം ശ്രേഷ്ഠമായ ആ നസറേത്തിലെ ഭവനത്തിനു സദൃശമാക്കിത്തീർക്കതന്നെവേണം. (തുടരും.)

നവമ്പർ മാസത്തെ

# പൊതുനിയോഗം.

നിത്യസത്യങ്ങളെക്കുറിച്ചുള്ള ധ്യാനം.

“സർവ്വശക്തനായ ദൈവത്തെക്കുറിച്ചുള്ള വിചാരവും നാം ചെയ്യുന്ന പ്രവൃത്തികൾക്കു കണക്കു പറയണമെന്നും മരണാനന്തരമായ അവസ്ഥയുണ്ടെന്നും ഉള്ള ബോധവും എല്ലാ മനുഷ്യരുടെയും ഹൃദയങ്ങളിൽനിന്നും മാച്ചുകളഞ്ഞാൽ, എത്ര പെട്ടെന്നു സാമ്രാജ്യസൌധം മുഴുവനും ഭൂകമ്പത്താൽ എന്നപോലെ ഞെട്ടിക്കുലുങ്ങുന്നതും എത്ര ഭയങ്കരമായ ശബ്ദത്തോടുകൂടി അത്യനൈരാശ്യമായ നാശത്തിലേക്കു ഇടിഞ്ഞുപൊളിഞ്ഞുവീഴുന്നതും ആണെന്നുള്ള കാര്യം” നാം ഒരിക്കലും മറക്കരുതു്. “നിന്റെ അന്ത്യങ്ങളെപ്പററി നീ ധ്യാനിക്കുക, എന്നാൽ നീ പാപം ചെയ്യുകയില്ല.” എന്നാണല്ലോ എഴുതപ്പെട്ടിരിക്കുന്നതു്. അതുകൊണ്ടു എല്ലാവരും നിത്യസത്യങ്ങളെക്കുറിച്ചു നിരന്തരം ധ്യാനിക്കുന്നതിനും തദ്വാരാ ജീവിതവിശുദ്ധി പ്രാപിക്കുന്നതിനുംവേണ്ടി തിരുഹൃദയഭക്തർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കേണ്ടതാണ്.

---

# കുറിപ്പുകൾ.

സലേഷ്യൻ സഭയുടെ സ്ഥാപകനായ വി. ജോൺബോസ്കോയുടെ ഒരു പ്രതിമ, വത്തിക്കാൻ ബസ്സിലിക്കായിലെ സഭാസ്ഥാപകന്മാരുടെ പ്രതിമകളുടെ കൂട്ടത്തിൽ വെക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. അവിടെ പ്രതിമകൾ സ്ഥാപിക്കുന്നതിനായി ൩൯ സ്ഥാനങ്ങൾ ഉണ്ടായിരുന്നതിൽ മുപ്പത്തൊന്നിലും സഭാസ്ഥാപകന്മാരുടെ പ്രതിമകൾ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. വി. ജോൺ ബോസ്കോയുടെ പ്രതിമ മുപ്പത്തിരണ്ടാമത്തേതായിരിക്കും.

ബ്യൂനോസ് അയേഴ്സ് സർവ്വരാജ്യ ദിവ്യകാരുണ്യകോൺഗ്രസ്സ് സമ്മേളനത്തിന്റെ സ്മാരകമായി അവിടെ ഏർപ്പെടുത്തുവാൻ പോകുന്ന സ്ഥാപനത്തിനുള്ള അസ്തിവാരശില അർജീൻറീനായിൽനിന്നു വിമാനമാർഗ്ഗം റോമയിൽ കൊണ്ടുവരികയും പരിശുദ്ധ പിതാവു് അതു് ആശീർവ്വദിക്കുകയും ചെയ്തിരിക്കുന്നു.

ലെനിൻഗ്രാഡിൽ താമസിക്കുന്ന ഒരു ഫ്രഞ്ചുവൈദികനു ഞായറാഴ്ചകളിൽ ആറു കുർബ്ബാന ചൊല്ലുന്നതിനുള്ള അസാധാരണ അനുവാദം ലഭിച്ചിട്ടുണ്ടു്. സോവിയറ്റു റഷ്യായിലെ മതനിർമ്മാർജ്ജനപരിപാടി പ്രാബല്യത്തിലിരുന്നിട്ടും പരസ്യാരാധനയ്ക്കായി അനുവദിക്കപ്പെട്ടിട്ടുള്ള അവിടത്തെ ആറു ദേവാലയങ്ങളിൽ ജനങ്ങൾ അഹമഹമികയാ വന്നുകൂടിക്കൊണ്ടിരിക്കുന്നു.

പത്താം പീയൂസ് മാർപ്പാപ്പായുടെ ജനനശതവർഷാഘോഷദിനത്തിൽ, സ്വദേശത്തു് ഒരു മാർബിൾ പ്രതിമ അനാച്ഛാദനം ചെയ്തിരിക്കുന്നു.

തിരുവനന്തപുരം—ബോംബെ വിമാനസർവീസ് ഒക്ടോബർ ൧൫-ാം തീയതിമുതൽ നടപ്പിൽ വരുന്നതാണു്. ചൊവ്വാഴ്ചതോറും രാവിലെ ൧൦-൩൦-നു ബോംബെയിൽനിന്നു പുറപ്പെടുന്ന വിമാനം ൩-൨൦-നു തിരുവനന്തപുരത്തെത്തും. ഇങ്ങിനെ കഷ്ടിച്ചു ൫ മണിക്കൂർകൊണ്ടു ബോംബെയിൽനിന്നു തിരുവനന്തപുരത്തെത്താം. തിരുവനന്തപുരത്തുനിന്നുള്ള വിമാനം വെള്ളിയാഴ്ചതോറും രാവിലെ ൮ മണിക്കു പുറപ്പെട്ടു ൧-൧൫-നു ബോംബായിലെത്തും. ടാറ്റാക്കമ്പനിക്കാരുടെവകയാണു് ഈ വിമാനസർവ്വീസ്. തല്ക്കാലം യാത്രക്കാരേയും തപ്പാൽ ഉരുപ്പടികളും കയറ്റി ആഴ്ചയിലൊരിക്കൽ വിമാനങ്ങൾ വരികയും പോകയും ചെയ്യും.

ഇറ്റലിയും അബ്സീനിയായും തമ്മിലുള്ള വഴക്കിനു ഒരു തീരുമാനമുണ്ടാകുന്നതിനായി സർവ്വരാജ്യസഖ്യം നിയമിച്ചിരുന്ന കമ്മിറ്റിയുടെ വ്യവസ്ഥകളെ അബ്സീനിയൻ ചക്രവർത്തി അതേപടി സ്വീകരിക്കുകയും ഇറ്റലി അതിനെ നിഷേധിക്കുകയും ചെയ്തു. ഒക്ടോബർ ൩-ാംതീയതി ഇറ്റലി ഉത്തരഅബ്സീനിയായെ ആക്രമിച്ചു. അദോവാ, അഡിഗ്രാറ്റ്, അക്സും എന്ന സ്ഥലങ്ങൾ ഇറ്റാല്യന്മാർ പിടിച്ചടക്കി. ഒഗഡൻ ജില്ലയിൽ മഴ കലശലാകയാൽ ഇറ്റാല്യൻ സൈന്യത്തിനു് ഒന്നും ചെയ്വാൻ നിവൃത്തിയില്ലാതായിരിക്കുന്നു. ബോംബു് വർഷത്താൽ സ്ത്രീകളും കുട്ടികളുമുൾപ്പടെ അനേകംപേർ മരിച്ചുപോയിരിക്കുന്നു. സർവ്വരാജ്യസഖ്യത്തിന്റെ നിശ്ചയപ്രകാരം ഇറ്റലിയുടെ നേരെ അനുശാസനനിരോധനങ്ങൾ നടപ്പിലാക്കിവരുന്നു. ഫ്രഞ്ച് പ്രധാന മന്ത്രി മി. ലാവൽ, മുസ്സോലിനിയുമായി ഒരു പുതിയ സന്ധിയാലോചന നടത്തുന്നുണ്ടെന്നും മാന്യമായ ഒരു സന്ധിക്കു മുസ്സോലിനി തയ്യാറാണെന്നുമുള്ള വർത്തമാനവും പരന്നിരിക്കുന്നു.

## "വി. സെബസ്ത്യാനോസിൻെറ മാസവണക്കം"

**ഇതാ തയ്യാറായിരിക്കുന്നു.**

**ജനുവരി ഒന്നാം തീയതി ആരംഭിക്കും.**

**തുച്ഛമായ വില — കമനീയമായ ബയൻറ്.**

**പരിഷ്കരിച്ച രണ്ടാം പതിപ്പ്.**

പ്ലേഗ്, പട, വസന്ത മുതലായ ദുരിതങ്ങളിൽനിന്നു രക്ഷപ്രാപിപ്പാൻ ഉതകുന്ന ഏക ഗ്രന്ഥം. വില 8ണ. മാത്രം

---

### വിശുദ്ധ മണിക്കൂർ

ആരാധനകൾ, ദസ്താത്രപ്രകരണങ്ങൾ, ധ്യാനങ്ങൾ, വി പൂജ സമയത്തു ഉപയോഗിപ്പാൻ പററിയ പ്രാൎത്ഥനകൾ, ദിവ്യകാരുണ്യസന്നിധിയിൽ പാടുവാൻ ഉതകിയ സ്തോത്രഗീതങ്ങൾ മുതലായവ അടങ്ങിയിട്ടുള്ളതും അവശ്യം വേണ്ട പടങ്ങളോടുകൂടി ആകൎഷണീയമാക്കി അച്ചടിപ്പിച്ചിട്ടുള്ളതുമായ ഒരു നവീന മാതൃകാഗ്രന്ഥം. നിസ്സാരവില ൨ ണ. മാത്രം

കൂടുതൽ പുസ്തകം ആവശ്യമുള്ളവൎക്കു നല്ല കമ്മീഷൻ കൊടുക്കപ്പെടും. ഒററ പ്രതി ആവശ്യമുള്ളവർ വില മുൻകൂർ സ്റ്റാമ്പായി അയച്ചാൽ മതിയാകുന്നതാണ്.

മാനേജർ,

സെൻറ സെബാസ്റ്റ്യൻ ബുക്ക് ഡിപ്പോ,

ചങ്ങനാശ്ശേരി.

---

# SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

**യോഗേശ ചന്ദ്രഘോസ്, എം. എ, എഫ്. സി. എസ്സ്.**

ആയുൎവേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ.

ഔഷധപ്പട്ടിക ആവശ്യക്കാൎക്കു വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

**മകരദ്ധ്വജ** (സ്വൎണ്ണസിന്ദൂരം.) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വൎദ്ധിപ്പിച്ചു ജീവിതം സന്തോഷമുള്ളതാക്കി തീൎക്കുന്നു.

ഒരു ത്രപാത്തുക്കത്തിന് ക. ൪.

**ശാരിബാദിസരസം.** ഇത് ഉഷ്ണപ്പുണ്ണിന് കൈകണ്ട മരുന്നാണ്. രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദൂഷ്യം ഇവയ്ക്കും വിശേഷപ്പെട്ടത്.

ഒരുസേറിന്നു ക. ൩

**സ്വൎണ്ണ സഞ്ജീവനി.** ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിനു ക. ൧൬

**അംബലബാന്ധവയോഗം:-** ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആൎത്തവസംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ൧൬ തവണ സേവിപ്പാനുള്ള ഒരു കുപ്പിക്കു വില ക. ൨. അമ്പതിന്നു ക ൫.

Reg. No. C. 130.

# പഞ്ചാംഗം.

| ൧൧൧൧ | തുലാം - വൃശ്ചികം | | നവമ്പർ ൧൯൩൫ |
|---|---|---|---|
| ൧൫ | 1 | വെ. | ✠ സകല പരിശുദ്ധർ. |
| ൧൬ | 2 | ശ. | സകല മരിച്ച വിശ്വാ. |
| ൧൭ | 3 | ഞാ. | ✠ വി. മലാക്കി. |
| ൧൮ | 4 | തി. | വി. കാർളോസ്സ്. |
| ൧൯ | 5 | ചൊ. | വി. സക്കറിയാ. |
| ൨൦ | 6 | ബു. | വി. ലെയൊനാർഡ്. |
| ൨൧ | 7 | വ്യാ. | വി. പ്രോസദോച്ചിമൂസ്സ്. |
| ൨൨ | 8 | വെ. | വി. ദെവൂസ്സ് ദെദിത്ത്. |
| ൨൩ | 9 | ശ. | വി. ഒരെസ്തേസ്. |
| ൨൪ | 10 | ഞാ. | ✠ വി. അന്ത്രയോ. അവെ |
| ○ | 11 | തി. | വി. മർത്തീനോസ്സ് മെ. |
| ൨൬ | 12 | ചൊ. | വി. മർത്തീനോസ് പാ. |
| ൨൭ | 13 | ബു. | വി. സ്തനിസ്ലാവോസ്സ് |
| ൨൮ | 14 | വ്യാ. | വി. ജോസാഫാത്ത് മെ. |
| ൨൯ | 15 | വെ. | വി. ജെൽത്രൂദ്. |
| ൩൦ | 16 | ശ. | വി. എഡ്മൻഡ്. |
| ൧ | 17 | ഞാ. | ✠ വി. ഗ്രിഗോറി. തെവ. |
| ൨ | 18 | തി. | വി. റൊമാനസ്സ്. |
| ൩ | 19 | ചൊ. | വി. എലിസബെത്ത്. |
| ൪ | 20 | ബു. | വി. ഫെലിക്സ്. |
| ൫ | 21 | വ്യാ. | എ. ഭാ. ക. മറി. കാഴ്ച്ചവെപ്പ്. |
| ൬ | 22 | വെ. | വി. ചിച്ചിലിയാ ക. |
| ൭ | 23 | ശ. | വി. ക്ലെമൻറ പാ. |
| ൮ | 24 | ഞാ. | ✠ വി. യോഹ ക്രൂസ്സ്. |
| ൯ | 25 | തി. | വി. കത്രീനാ. |
| ● | 26 | ചൊ. | വി. പത്രോസ് മെ. |
| ൧൧ | 27 | ബു. | വി. യാക്കോബ്. |
| ൧൨ | 28 | വ്യാ. | വി. റൂഫസ്സ്. |
| ൧൩ | 29 | വെ. | വി. സത്തൂർനീനൂസ്സ് |
| ൧൪ | 30 | ശ. | വി. അന്ത്രയോസ്സ് ശ്ലീ. |

✠ എല്ലാവർക്കും കടമുള്ള ദിവസം.

Printed at the Little Flower Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA.